പ്രത്യാശ നഷ്ടപ്പെടുത്തരുതേ!



ആശിഷ് റായ്ച്ചൂർ

സൗജന്യ വിതരണത്തിന് മാത്രം
അച്ചടിയും വിതരണവും: ഓൾ പീപ്പിൾസ് ചർച്ച് & വേൾഡ് ഔട്ട്റീച്ച്, ബാംഗ്ലൂർ, ഇന്ത്യ.
നിലവിലെ പതിപ്പ്: 2025

ബന്ധപ്പെടുവാനുള്ള വിവരങ്ങൾ
All Peoples Church & World Outreach,
#319, 2nd Floor, 7th Main, HRBR Layout,
2nd Block, Kalyan Nagar, Bangalore 560 043
Karnataka, INDIA

ഫോൺ:+91-80-25452617
ഇമെയിൽ: **bookrequest@apcwo.org**
വെബ്സൈറ്റ്: **apcwo.org**

സൂചന നൽകിയിരിക്കുന്നവയൊഴിച്ച് മറ്റെല്ലാ തിരുവെഴുത്ത് ഉദ്ധരണികളും വിശുദ്ധ ബൈബിളിൽ നിന്നും—ബി.എസ്.ഐ-മലയാളം-ഒ.വി. ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ (BSI) പ്രസിദ്ധീകരണം-എടുത്തിട്ടുള്ളതാകുന്നു. അനുമതി പ്രകാരം ഉപയോഗിച്ചിരിക്കുന്നു. എല്ലാ അവകാശങ്ങളും നിക്ഷിപ്തം.

സാമ്പത്തിക പങ്കാളിത്തം
ഓൾ പീപ്പിൾസ് ചർച്ചിലെ അംഗങ്ങളുടെയും, പങ്കാളികളുടെയും, സുഹൃത്തുക്കളുടെയും സാമ്പത്തിക സഹായത്താലാണ് ഈ പ്രസിദ്ധീകരണത്തിന്റെ സൗജന്യ വിതരണം സാധ്യമാക്കിയത്. ഈ സൗജന്യ പ്രസിദ്ധീകരണം നിങ്ങൾക്ക് ഗ്രഹണപ്രദമായെങ്കിൽ, ഓൾ പീപ്പിൾസ് ചർച്ചിൽ നിന്നുള്ള സൗജന്യ പ്രസിദ്ധീകരണങ്ങളുടെ അച്ചടിയെയും വിതരണത്തെയും സാമ്പത്തികമായി സഹായിക്കുന്നതിന് ഞങ്ങൾ നിങ്ങളെ ആഹ്വാനം ചെയ്യുന്നു. നിങ്ങളുടെ സംഭാവന നൽകുന്നതിനെക്കുറിച്ചുള്ള വിവരങ്ങൾക്കായി ദയവായി **apcwo.org/give** എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ ഈ പുസ്തകത്തിന്റെ പിൻഭാഗത്തുള്ള "പാർട്ണർ വിത്ത് ഓൾ പീപ്പിൾസ് ചർച്ച്" എന്ന പേജ് കാണുകയോ ചെയ്യുക. നന്ദി!

സൗജന്യ വിവരശേഖരങ്ങളും അനുബന്ധ വെബ്സൈറ്റുകളും
പ്രഭാഷണങ്ങൾ: apcwo.org/sermons | **പുസ്തകങ്ങൾ:** apcwo.org/books
ചർച്ച് ആപ്പ്: apcwo.org/app | **ബൈബിൾ കോളേജ്:** apcbiblecollege.org
ഇ-ലേണിംഗ്: apcbiblecollege.org/elearn | **കൗൺസെലിംഗ്:** chrysalislife.org
സംഗീതം: apcmusic.org | **ശുശ്രൂഷകരുടെ കൂട്ടായ്മ:** pamfi.org |
എപിസി വേൾഡ് മിഷനുകൾ: apcworldmissions.org

(Malayalam—Don't Lose Hope)

പ്രത്യാശ
നഷ്ടപ്പെടുത്തരുതേ!

ഉള്ളടക്കം

1. ജീവിതം എല്ലായ്പ്പോഴും എളുപ്പമല്ല 1

2. പ്രത്യാശ—ക്രിസ്തീയ ജീവിതത്തിന്റെ അത്യാവശ്യ ഘടകം 3

3. പ്രത്യാശയുടെ പ്രാധാന്യം 5

4. നിരാശജനകമായ സാഹചര്യങ്ങളെ മാറ്റി മറിക്കുന്ന ദൈവം 8

5. നിരാശാജനകമായ ഒരു സാഹചര്യത്തിൽ പ്രത്യാശ ഉണ്ടാകുമെന്നുള്ളതിന്റെ അടിസ്ഥാനം 13

6. ആശയറ്റ സാഹചര്യത്തിന്റെ മുന്നിൽ ഞാൻ എന്ത് ചെയ്യും? 19

1
ജീവിതം എല്ലായ്പ്പോഴും എളുപ്പമല്ല

നിരവധി സ്വപ്നങ്ങളും ലക്ഷ്യങ്ങളും ആഗ്രഹങ്ങളും അഭിലാഷങ്ങളുമായാണ് നാമെല്ലാവരും ജീവിതയാത്ര ആരംഭിക്കുന്നത്. നാം എന്താണ് ചെയ്യാൻ ആഗ്രഹിക്കുന്നത്, എവിടേക്ക് പോകണം, ജീവിതത്തിൽ എന്തായിത്തീരണം എന്നതിനെ കുറിച്ചുള്ള പദ്ധതികൾ നമ്മൾ തയ്യാറാക്കുന്നത് പോലും ആ വലിയൊരു ആവേശത്തോടുകൂടിയാണ്. എന്നാൽ ജീവിത യാത്രയിൽ എപ്പോഴെങ്കിലും കൊടുങ്കാറ്റിനു സമാനമായ അവസ്ഥയെ നാം അഭിമുഖീകരിക്കുമെന്ന് ഉറപ്പാണ്. ജീവിതം എപ്പോഴും എളുപ്പമല്ല. ജീവിതം ഒരു കഥാപുസ്തകം പോലെ ലളിതമായിരുന്നെങ്കിൽ എന്ന് നമ്മൾ പലപ്പോഴും ആഗ്രഹിക്കാറുണ്ട്, പക്ഷേ അത് എല്ലായ്പ്പോഴും അങ്ങനെ തന്നെ സംഭവിക്കാറില്ല എന്നതാണ് യാഥാർത്ഥ്യം! എന്നാൽ അപ്രതീക്ഷിതമായ വെല്ലുവിളികളും പ്രയാസങ്ങളും സാഹചര്യങ്ങളും ജീവിത വഴിയിൽ ഉടലെടുക്കുന്ന സമയങ്ങളിലാണ് നമ്മുടെ ലക്ഷ്യങ്ങളും സ്വപ്നങ്ങളും തെന്നിമാറുന്നത്. ഏതാണ്ട് നിരാശാജനകമെന്ന് തോന്നുന്ന ഇത്തരം സാഹചര്യങ്ങൾക്കിടയിൽ നാം അകപ്പെടുമ്പോൾ നമ്മുടെ പ്രതീക്ഷ തന്നെ അസ്തമിക്കാനുള്ള പ്രവണതയുണ്ട്. നമ്മുടെ ലക്ഷ്യങ്ങളിൽ നിന്ന് വ്യതിചലിക്കാൻ നാം ചിന്തിക്കുന്നു. "എനിക്ക് ഒരിക്കലും അത് നേടാനാവില്ല" അല്ലെങ്കിൽ "എനിക്ക് ഒരിക്കലും എന്റെ ലക്ഷ്യത്തിലെത്തുവാൻ കഴിയില്ല" എന്ന് നാം ചിന്തിക്കാൻ തുടങ്ങുന്നു. എപ്പോഴെങ്കിലും നമ്മുടെ ലക്ഷ്യത്തിലെത്താൻ നമുക്ക് കഴിയുമോ എന്നതിൽ ഉറപ്പില്ലാതെ വരുമ്പോൾ നാം നിരാശരായി പോകുകയാണ്.

ചിലപ്പോൾ, അപ്രതീക്ഷിതമായ ജീവിത വഴിതിരിവിൽ എന്ത് ചെയ്യണമെന്നറിയാതെ നാം പകച്ചു നിൽക്കുകയായിരിക്കാം. അല്ലെങ്കിൽ എങ്ങോട്ട് പോകുവാനും എവിടേക്ക് തിരിയുവാനും ഒരിടവുമില്ലാതെ, വഴിയുടെ അവസാനിക്കുന്നിടത്തായിരിക്കാം നാം. ഈ പുസ്തകം വായിക്കുന്ന നിങ്ങളിൽ ചിലർ നിരാശാജനകമായ

ഒരു സാഹചര്യത്തിന്റെ മധ്യത്തിലായിരിക്കാം. ചിലപ്പോൾ ഇത് നിങ്ങളുടെ ജോലി, തൊഴിൽ, വിദ്യാഭ്യാസം, വീട്, വിവാഹം അല്ലെങ്കിൽ കുടുംബം എന്നിവയുമായി ബന്ധപ്പെട്ട ഒന്നായിരിക്കാം. ജീവിതത്തിൽ പലതും തെറ്റിയേക്കാം. എന്നാൽ മരണകരവും നിരാശാജനകവുമാണെന്ന് തോന്നുന്ന സാഹചര്യങ്ങളിൽ മരിച്ചവർക്ക് ജീവൻ നൽകുന്നതിൽ വൈദഗ്ധ്യംകാണിച്ച ദൈവമാണ് ബൈബിളിലെ ദൈവമെന്ന് ഞാൻ നിങ്ങളോട് പറയട്ടെ പ്രതീക്ഷകൾ നശിച്ച സാഹചര്യങ്ങൾ മാറ്റുന്നതിൽ അവിടുന്ന് വിദഗ്ധനാണ്. ആമേൻ! അവിടുന്ന് നിങ്ങളുടെ പക്ഷത്തുണ്ടെങ്കിൽ, ആശിക്കാൻ സാഹചര്യം ഇല്ലാത്തപ്പോൾപോലും പ്രത്യാശിക്കാം. എല്ലാം നിരാശാജനകമാണെന്ന് തോന്നുമ്പോഴും,പ്രതികൂലങ്ങൾ ക്കിടയിലും നിങ്ങൾക്ക് വിജയിയായി പുറത്തുവരാം. ഈ പുസ്തകം ലളിതമായ വാക്കുകൾ കൊണ്ട് പ്രത്യാശ നഷ്ടപ്പെടാതിരിക്കാൻ നമ്മെ പ്രോത്സാഹിപ്പിക്കുകയും ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നു.

പ്രത്യാശ ഉണ്ടായിരിക്കേണ്ടതിന്റെ പ്രാധാന്യം

പ്രത്യാശ ഉണ്ടായിരിക്കുക എന്നത് വളരെ പ്രധാനമാണ്. "പ്രത്യാശ" എന്നതുകൊണ്ട് അർത്ഥമാക്കുന്നത്, പ്രതീക്ഷ, ആശിച്ചു കാത്തിരിക്കുന്നത്, നമ്മൾ വിശ്വസിച്ചു പ്രതീക്ഷിക്കുന്ന ഒന്ന്, ആഗ്രഹം, സ്വപ്നം അല്ലെങ്കിൽ അഭിലാഷം എന്നിവയാണ്. ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തിലെ പ്രധാന വശങ്ങളിലൊന്ന് പ്രത്യാശയാണ്. നമ്മുടെ ക്രിസ്തീയ നടപ്പിൽ പ്രധാനപ്പെട്ട മൂന്ന് കാര്യങ്ങൾ ബൈബിൾ പരാമർശിക്കുന്നു; അതിലൊന്നാണ് പ്രത്യാശ.

1 കൊരിന്ത്യർ 13:13

ആകയാൽ വിശ്വാസം, പ്രത്യാശ, സ്നേഹം ഈ മൂന്നും നിലനില്ക്കുന്നു; ഇവയിൽ വലിയതോ സ്നേഹം തന്നേ.

2
പ്രത്യാശ—ക്രിസ്തീയ ജീവിതത്തിന്റെ അത്യാവശ്യ ഘടകം

വിശ്വാസികൾ എന്ന നിലയിൽ ഇനിയും സംഭവിക്കാനുള്ള പല കാര്യങ്ങളും നാം പ്രത്യാശിക്കുന്നു.

നിത്യ ജീവന്റെ പ്രത്യാശ

തീത്തൊസ് 1:2

ഭോഷ്കില്ലാത്ത ദൈവം സകല കാലത്തിന്നും മുമ്പെ വാഗ്ദത്തം ചെയ്ത നിത്യജീവന്റെ പ്രത്യാശ ഹേതുവായി

നാം നിത്യജീവനായി പ്രത്യാശിക്കുന്നു. നിത്യജീവൻ എന്നത് നമ്മുടെ ആത്മാവിന് വേണ്ടിയുള്ളത് ആയിരുന്നിട്ടും നാം അതിനായി കാത്തിരിക്കുന്നു.

മഹത്വത്തിന്റെ പ്രത്യാശ

കൊലൊസ്സ്യർ 1:27

അവരോടു ജാതികളുടെ ഇടയിൽ ഈ മർമ്മത്തിന്റെ മഹിമാധനം എന്തെന്നു അറിയിപ്പാൻ ദൈവത്തിന്നു ഇഷ്ടമായി; ആ മർമ്മം മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു എന്നുള്ളതു തന്നേ.

ക്രിസ്തുവാണ് യഥാർത്ഥത്തിൽ നമ്മുടെ മഹത്വത്തിന്റെ പ്രത്യാശ. നാം ഇപ്പോൾ ആയിരിക്കുന്ന ഈ ലോകത്തേക്കാൾ ഉത്തമമായിരിക്കുന്ന വരാനിരിക്കുന്ന ലോകത്തിൽ നമ്മുടെ പ്രത്യാശയാണ് യേശുക്രിസ്തു. സ്വർഗ്ഗത്തിൽ ദൈവത്തോടൊപ്പമുള്ള വാസത്തിനായാണ് നാം കാത്തിരിക്കുന്നത്.

രക്ഷയുടെ പ്രത്യാശ

1 തെസ്സലൊനീക്യർ 5:8

നാമോ പകലിന്നുള്ളവരാകയാൽ വിശ്വാസവും സ്നേഹവും എന്ന കവചവും ശിരസ്ത്രമായി രക്ഷയുടെ പ്രത്യാശയും ധരിച്ചുകൊണ്ടു സുബോധമായിരിക്ക.

1 പത്രൊസ് 1:7-9

[7]അഴിഞ്ഞുപോകുന്നതും തീയിൽ ശോധന കഴിക്കുന്നതുമായ പൊന്നിനെക്കാൾ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന വിലയേറിയതു എന്നു യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ പുകഴ്ചെക്കും തേജസ്സിന്നും മാനത്തിന്നുമായി കാണ്മാൻ അങ്ങനെ ഇടവരും.

[8]അവനെ നിങ്ങൾ കണ്ടിട്ടില്ലെങ്കിലും സ്നേഹിക്കുന്നു; ഇപ്പോൾ കാണാതെ വിശ്വസിച്ചുംകൊണ്ടു

[9]നിങ്ങളുടെ വിശ്വാസത്തിന്റെ അന്തമായ ആത്മരക്ഷ പ്രാപിക്കയും പറഞ്ഞുതീരാത്തതും മഹിമയുള്ളതുമായ സന്തോഷത്തോടെ ആനന്ദിക്കയും ചെയ്യുന്നു.

രക്ഷ എന്നത് ഇപ്പോൾ ആരംഭിച്ചെങ്കിലും, രക്ഷയുടെ ഒരു ഭാഗത്തിനായി നാം ഇപ്പോളും കാത്തിരിക്കുന്നു.

ക്രിസ്തുവിന്റെ തിരിച്ചുവരവിലുള്ള പ്രത്യാശ

തീത്തൊസിന് 2:13

നാം ഭാഗ്യകരമായ പ്രത്യാശക്കായിട്ടും മഹാദൈവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ തേജസ്സിന്റെ പ്രത്യക്ഷതെക്കായിട്ടും കാത്തു കൊണ്ട്.

പുനരുത്ഥാനത്തിന്റെ പ്രത്യാശ

അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 24:15

നീതിമാന്മാരുടെയും നീതികെട്ടവരുടെയും പുനരുത്ഥാനം ഉണ്ടാകും എന്നു ഇവർ കാത്തിരിക്കുന്നതുപോലെ ഞാനും ദൈവത്തിങ്കൽ ആശവെച്ചിരിക്കുന്നു.

3
പ്രത്യാശയുടെ പ്രാധാന്യം

നമ്മുടെ ദൈനംദിന ജീവിതത്തിൽ പ്രത്യാശ ഉണ്ടായിരിക്കേണ്ടത് വളരെ പ്രധാനമാണ്. ആശ അറ്റ പോകാവുന്ന സാഹചര്യത്തിന്റെ നടുവിലും നാം പ്രത്യാശ നിറഞ്ഞ ഒരു ജനതയായിരിക്കണം. പ്രത്യാശയിൽ നാം മുന്നേറണമെന്നതിന്റെ പ്രധാന്യത്തിന് നിരവധി കാരണങ്ങളുണ്ട്.

പ്രത്യാശക്ക് ഭംഗം വരുന്നത് ആന്തരിക മനുഷ്യനെ ദുർബലനാക്കുന്നു

സദൃശവാക്യങ്ങൾ 13:12

ആശാവിളംബനം ഹൃദയത്തെ ക്ഷീണിപ്പിക്കുന്നു; ഇച്ഛാനിവൃത്തിയോ ജീവവൃക്ഷം തന്നേ.

ചിലപ്പോൾ നാം പ്രത്യാശിക്കുന്ന പലതും ലഭിക്കാൻ കാലതാമസമുണ്ടാകാറുണ്ട്. ഒരു പ്രത്യേക കാര്യം ഒരു നിശ്ചിത വർഷം തന്നെ പൂർത്തീകരിക്കപ്പെടുമെന്ന് നാം പ്രതീക്ഷിക്കുന്നു. എന്നാൽ വർഷാവസാനം പോലും, അത് സംഭവിക്കണമെന്നില്ല. ഒരുപക്ഷേ അടുത്ത വർഷം അത് സംഭവിക്കുമെന്ന് നാം സ്വയം പറയുന്നു, അപ്പോഴും സംഭവിക്കുന്നില്ല. സംഗതി പ്രതീക്ഷിച്ചതുപോലെ നടക്കാത്തത് കാരണം, അകത്തെ മനുഷ്യൻ പൂർണ്ണമായും പ്രത്യാശ നഷ്ടപ്പെടുന്ന അവസ്ഥയിലേക്ക് വരുകയും ബലഹീനനാകുകയും ചെയ്യുന്നു. മറുവശത്ത്, നാം പ്രത്യാശ വച്ചത് സംഭവിക്കുമ്പോൾ, അത് ജീവന്റെ വൃക്ഷം പോലെയാണ്. അത് നമ്മെ ഉത്തേജിപ്പിക്കുകയും ഉന്മേഷഭരിതരാക്കുകയും ചെയ്യുന്നു. നമുക്ക് ഉന്മേഷവും നവീകരണവും അനുഭവപ്പെടുന്നു. നമ്മുടെ വിശ്വാസം ഉയരുന്നു. ആ പ്രചോദനം ഉൾക്കൊണ്ട് നമുക്ക് മുന്നേറാൻ കഴിയും.

പ്രത്യാശ ആത്മാവിന്റെ ഒരു നങ്കൂരമാണ്

എബ്രായർ 6:19

ആ പ്രത്യാശ നമുക്കു ആത്മാവിന്റെ ഒരു നങ്കൂരം തന്നേ;

പ്രത്യാശ ആത്മാവിന്റെ ഒരു നങ്കൂരമാണ്. മനസ്സും ഇച്ഛയും വികാരങ്ങളുമാണ് "ആത്മാവ്" എന്ന വാക്ക് കൊണ്ട് ഇവിടെ അർത്ഥമാക്കുന്നത്. കപ്പലിൽ നിന്ന് ഇറക്കുന്ന നങ്കൂരമെന്നത് ഇവിടെ പ്രത്യാശയുടെ പങ്ക് വിശദീകരിക്കാൻ ഉപയോഗിക്കുന്നു. നങ്കൂരം കടലിൽ വീഴുമ്പോൾ, ഒരു കൊടുങ്കാറ്റിന് നടുവിൽ കപ്പലിന് സ്ഥിരത ഉളവാകുന്നു. പ്രത്യാശയുടെ പ്രാധാന്യം ആത്മാവുമായി ബന്ധത്തിൽ ബൈബിൾ പറയുന്നത്, *പ്രത്യാശ ആത്മാവിന്റെ ഒരു നങ്കൂരമാണ്.* എനിക്ക് പ്രത്യാശ ഇല്ലെങ്കിൽ, പ്രക്ഷുബ്ധമായ ജീവിത സാഹചര്യങ്ങളെ നേരിടാൻ ആവശ്യമായ സ്ഥിരതയോ, ശക്തിയോ. എന്റെ മനസ്സിന്—എന്റെ ഇഷ്ടം, വികാരങ്ങൾ, ബുദ്ധി—പ്രകടമാക്കാൻ കഴിയില്ല. മനുഷ്യന് പൂർണ്ണമായും പ്രത്യാശ നഷ്ടപ്പെടുമ്പോൾ, ജീവിതത്തിൽ ആഞ്ഞടിക്കുന്ന കൊടുങ്കാറ്റുകൾ നിമിത്തം ജീവിത നൗക തുഴഞ്ഞു പോകാൻ സാധ്യമല്ലെന്ന്തോന്നിയേക്കാം. അപ്പോഴാണ് നിരാശപ്പെടാനും വിശ്വാസം ഉപേക്ഷിക്കാനും അവർ ചിന്തിക്കാൻ തുടങ്ങുന്നത്. നിരാശയിൽ നിപതിച്ച ഈ ജീവിതം ഇങ്ങനെ മുന്നോട്ട് പോകുന്നത് എന്തിന് എന്ന ചിന്തകൾ ഉത്ഭവിക്കുന്നു. "ആരും എന്നെ കരുതുന്നില്ല," "ഒന്നും ശരിയല്ല" "എനിക്ക് ഒരിക്കലും നേരെയാവാൻ കഴിയില്ല" ചിന്തകളുടെ വേലിയേറ്റത്തിൽ അവരുടെ മനസ്സിൽ തിരമാലകൾ ആഞ്ഞടിക്കുമ്പോൾ പലരും ആത്മഹത്യയെക്കുറിച്ച് പോലും ചിന്തിക്കുന്നു. അതിനാലാണ്, ഏറ്റവും വിഷമകരമായ സാഹചര്യത്തിൽ പോലും പ്രത്യാശ നഷ്ടപ്പെടരുതെന്നു പറയുന്നതിന്റെ പ്രാധാന്യം. പ്രത്യാശ ആത്മാവിന്റെ ഒരു നങ്കൂരമാണ്.

പ്രത്യാശ വിശ്വാസത്തിന്റെ മുന്നോടിയാണ്

എബ്രായർ 11:1

വിശ്വാസം എന്നതോ, ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും ആകുന്നു.

വിശ്വാസം പ്രത്യാശയെ ആശ്രയിച്ചിരിക്കുന്നത് കൊണ്ട് പ്രത്യാശ പ്രാധാന്യമുള്ളതാണ്. പ്രത്യാശയുടെ സ്ഥാനം വിശ്വാസത്തിന് മുൻപിലാണ് പ്രത്യാശയുണ്ടെങ്കിൽ മാത്രമേ നമുക്ക് വിശ്വാസം ഉണ്ടാകൂ. വൈദ്യ ശാസ്ത്രത്തിന് ഇനി ഒന്നും ചെയ്യാൻ കഴിയില്ലെന്ന് ഡോക്ടർമാർ വിധി എഴുതിയ മാരകമായ അസുഖമുള്ള ഒരു വ്യക്തിയെ പരിഗണിക്കുക. ആ വ്യക്തിക്ക് ഇനി ഏതാനും ദിവസങ്ങൾ മാത്രമേ ഉള്ളൂ. അത്തരമൊരു സാഹചര്യത്തിൽ മിക്ക ആളുകളുടെയും എല്ലാ

പ്രതീക്ഷകളും കൈവിട്ട് പോകും. തന്റെ അന്ത്യനിമിഷങ്ങളുടെയും അവസാന വാക്കുകളുടെയും ശവസംസ്കാരത്തിന്റെയും ചിത്രങ്ങൾ അയാളുടെ മനസ്സിൽ നിറയും. ആ വ്യക്തി പ്രത്യാശ കൈവിടുമ്പോൾ, വിശ്വാസത്തിനു പോലും പ്രവർത്തിക്കാൻ കഴിയില്ല, കാരണം *"വിശ്വാസം എന്നതോ ആശിക്കുന്നതിന്റെ ഉറപ്പാണ്"* ഒരു വ്യക്തി താൻ സുഖം പ്രാപിക്കുമെന്ന് പ്രത്യാശിക്കാതിരിക്കുമ്പോൾ ദൈവത്തിൽ നിന്ന് രോഗശാന്തി ലഭിക്കാൻ തക്ക വിശ്വാസം ഉണ്ടാകുകയെന്നത് ബുദ്ധിമുട്ടാണ്. പ്രത്യാശ എന്നത് ദൈവത്തിൽ വിശ്വാസം ഉണ്ടാകേണ്ടതിന്റെ ഒരു ആദ്യ ഉപാധിയാണ്. സുഖം പ്രാപിക്കുന്നതായും മരണകരമായ അവസ്ഥയിൽ നിന്ന് താൻ പുറത്ത് വരുന്നതായും രോഗബാധിതനായ വ്യക്തി മനസ്സിൽ ചിത്രീകരിക്കണം. ഡോക്ടർമാർ കൈവിട്ടിട്ടുണ്ടാകാമെങ്കിലും, സ്വർഗ്ഗസ്ഥനായ ദൈവത്തിന് തന്നെ സൗഖ്യമാക്കുവാൻ കഴിയുമെന്നും അതിനേക്കാളേറെ ചെയ്യാൻ കഴിയുമെന്നും പ്രത്യാശവെക്കുക. തനിക്ക് തിരിച്ചുവരാൻ കഴിയും എന്നുള്ള പ്രത്യാശയാണ് രോഗസൗഖ്യത്തിലേക്ക് നയിക്കുന്ന വിശ്വാസത്തിന്റെ പ്രധാന പങ്ക് വഹിക്കുന്നത്.

4

നിരാശജനകമായ സാഹചര്യങ്ങളെ മാറ്റി മറിക്കുന്ന ദൈവം

എന്ത് കാര്യം സംഭവിച്ചാലും ഏത് സാഹചര്യത്തിലൂടെ കടന്ന് പോയാലും അതെത്ര നിരാശജനകമാണെങ്കിലും അവയെ മാറ്റി മറിക്കുന്നതിൽ വൈദഗ്ധ്യമുള്ള ഒരു ദൈവമുണ്ടെന്നു നാം മനസ്സിലാക്കണം. ആമേൻ! ഒരുപക്ഷേ നിങ്ങൾ നേരിടുന്ന നിരാശാജനകമായ സാഹചര്യം നിങ്ങളുടെ വിവാഹമായിരിക്കാം ഒരുപക്ഷെ ജോലി, മക്കളുടെ ഭാവി, സാമ്പത്തിക കാര്യങ്ങൾ, തൊഴിൽ, വിദ്യാഭ്യാസം അല്ലെങ്കിൽ മറ്റെന്തെങ്കിലും. അത് എന്തുമായിക്കൊള്ളട്ടെ ഏത് നിരാശാജനകമായ സാഹചര്യങ്ങളെയും മാറ്റിമറിക്കുന്ന ദൈവത്തെയാണ് നാം സേവിക്കുന്നത് എന്ന് തിരിച്ചറിയുക. അതുകൊണ്ടാണ് നാം പ്രത്യാശ കൈവിടരുത് എന്ന് പറയുന്നത്. എന്തുകൊണ്ടാണ് നാം പ്രത്യാശ കൈവിടേണ്ട എന്ന് പറയാൻ. പ്രത്യാശയില്ലാത്ത സന്ദർഭങ്ങളെ ദൈവം മാറ്റിയ ചില ഉദാഹരങ്ങൾ നമ്മുക്ക് ബൈബിളിൽ നിന്ന് ശ്രദ്ധിക്കാം.

ദരിദ്രയായ ഒരു വിധവ

വലിയ ഒരു കടഭാരം ബാക്കി വച്ച് ഭർത്താവ് മരിച്ചു പോയ രണ്ട് ആൺ കുട്ടികളുടെ അമ്മയായ ഒരു സ്ത്രീയെ കുറിച്ച് (2 രാജാക്കന്മാർ 4:1-7) വരെയുള്ള ഭാഗങ്ങളിൽ ബൈബിളിൽ വിവരിച്ചിട്ടുണ്ട്. പണം ചോദിച്ച് വന്ന കടക്കാർ പണം ലഭിക്കാതെ വന്നപ്പോൾ തന്റെ കുട്ടികളെ പിടിച്ചു കൊണ്ട് പോകുമെന്ന് ഭീഷണി പ്പെടുത്തി. ഈ സ്ത്രിയുടെ അവസ്ഥ ദയനീയവും നിരാശാജനകവുമായിരുന്നു! അവർ എലിശാ എന്ന ദൈവ പുരുഷന്റെ അടുക്കൽ പോയി തന്റെ അവസ്ഥ വിവരിച്ചു സഹായം അഭ്യർത്ഥിച്ചു. എന്താണ് അവളുടെ പക്കൽ ഉള്ളതെന്ന പ്രവാചകന്റെ ചോദ്യത്തിന് ഒരു ഭരണി എണ്ണ മാത്രമേയുള്ളൂ എന്നതായിരുന്നു ഉത്തരം. കഴിയുന്നത്ര ഭരണികൾ പോയി ശേഖരിച്ച് അവളുടെ കയ്യിലുള്ള എണ്ണ ഓരോ ഭരണിയിലും ഒഴിക്കാൻ നിർദ്ദേശിച്ചു. അത്ഭുതമെന്ന് പറയട്ടെ

എണ്ണ പെരുകി എല്ലാ ഭരണികളിലും നിറയ്ക്കുവാൻ ഇടയായി. വർദ്ധിച്ച എണ്ണ വിൽക്കുവാനും കടം വീട്ടുവാനും പുതിയ തുടക്കത്തോടെ ജീവിക്കുവാനും നിർദ്ദേശിച്ചു. ഒരു ദാരിദ്രയായ സ്ത്രീയുടെ ആവശ്യ മുഖത്ത് അവളുടെ നിരാശ ജനകമായ സാഹചര്യത്തെ ദൈവം അത്ഭുതകരമായി മാറ്റി മറിച്ചു.

വിവാഹ വിരുന്നിലെ അത്ഭുതം

ഒരു വിവാഹ വിരുന്നിന്റെ ഇടയിൽ വീഞ്ഞ് തീർന്നു പോയി—ഇല്ലായ്മയുടെ ഒരു ചെറിയ സാഹചര്യം, എങ്കിലും അപമാനകരമാകാവുന്ന നിരാശാജനകമായ അവസ്ഥ. അപ്പോൾ എന്തുചെയ്യണമെന്ന് അറിയാതെ പകച്ചു നിൽക്കുമ്പോൾ യേശുവിന്റെ അമ്മയായ മറിയം യേശു പറയുന്നതെന്തും ചെയ്യാൻ കല്യാണ വിരുന്നിലെ വേലക്കാരോട് ആവശ്യപ്പെട്ടു. അവിടെയുണ്ടായിരുന്ന കൽഭരണികളിൽ വെള്ളം നിറയ്ക്കാൻ യേശു അവരോട് നിർദ്ദേശിച്ചു. ആ വെള്ളം അതിഥികൾക്ക് വിളമ്പുവാനായി വിരുന്നുവാഴിക്ക് കൊടുക്കുവാൻ പറഞ്ഞു. ജലം അമാനുഷികമായി വീഞ്ഞായി മാറി. വിവാഹത്തിൽ പങ്കെടുത്ത എല്ലാവർക്കും തികഞ്ഞു (യോഹന്നാൻ 2:1-11). അത്ഭുതകരമായ കരുതലിന്റെ മറ്റൊരു ഉദാഹരണം! കർത്താവിന്റെ ആലോചന കേൾക്കുകയും അവിടുന്ന് പറയുന്നതു അനുസരിക്കുകയും ചെയ്യുമ്പോൾ നമുക്ക് ചുറ്റും സംജാതമാകുന്ന നിരാശാജനകമായ സാഹചര്യങ്ങൾ മാറുന്നു.

നിരാശനിറഞ്ഞ ഒരു രാത്രിക്ക് ശേഷമുള്ള പ്രഭാതം

ലൂക്കൊസ് എഴുതിയ സുവിശേഷം 5 അദ്ധ്യായത്തിലാണ് ഒരു ബിസിനസ്സിനിടയിൽ കർത്താവായ യേശു ചെയ്ത അത്ഭുതം നമുക്കായി രേഖപ്പെടുത്തിയിരിക്കുന്നത്. മുക്കുവനായിരുന്ന പത്രോസ് തന്റെ കൂട്ടാളികളായ യാക്കോബ്, യോഹന്നാൻ അന്ത്രയോസ് എന്നിവരുമായി മീൻ കച്ചവടത്തിലായിരുന്നു. ഒരിക്കൽ, അവർ രാത്രി മുഴുവൻ മീൻ പിടുത്തത്തിലായിരുന്നു, പക്ഷെ ഒന്നും കിട്ടിയില്ല. രാവിലെ അവർ മടങ്ങാൻ ഒരുങ്ങുമ്പോൾ കർത്താവായ യേശു അവരെ കണ്ടുമുട്ടി. വന്ന് കൂടിയ ജനക്കൂട്ടത്തോട് പ്രസംഗിക്കാൻ യേശു അവരുടെ വള്ളം ചോദിച്ചു. വചനം പ്രസംഗിച്ച ശേഷം കർത്താവ് പത്രോസിനോട് ഒരിക്കൽ കൂടി കടലിൽ പോയി വല എറിയണം എന്ന് ആവശ്യപ്പെട്ടു. പത്രോസ് മറുപടി പറഞ്ഞത്, *"അതിന്നു ശിമോൻ: നാഥാ, ഞങ്ങൾ രാത്രി മുഴുവനും അദ്ധ്വാനിച്ചിട്ടും*

ഒന്നും കിട്ടിയില്ല; എങ്കിലും നിന്റെ വാക്കിനു ഞാൻ വല ഇറക്കാം എന്നു ഉത്തരം പറഞ്ഞു" (ലൂക്കാ 5:5). തന്റെ അധ്വാനത്തിനും പരിശ്രമത്തിനും ഒരു ഫലവും ഉണ്ടായില്ല എന്നറിഞ്ഞിട്ടും യേശു തന്നോട് ചെയ്യാൻ പറഞ്ഞത് അനുസരിക്കാൻ അവൻ സന്നദ്ധനായിരുന്നു.

കർത്താവിൽ നിന്നുള്ള ഒരു വാക്ക് നിരാശാജനകമായ ഒരു സാഹചര്യത്തെ മാറ്റിമറിച്ചു. കർത്താവായ യേശു പറഞ്ഞതിനോടുള്ള പത്രോസിന്റെ ചോദ്യം ചെയ്യാതെയുള്ള സ്വമേധയാ അനുസരണം അദ്ദേഹത്തിന് ഒരു "സാമ്പത്തിക അത്ഭുതം" കൊണ്ടുവന്നു.

ഇസ്രായേൽ എന്ന രാഷ്ട്രം

യഹൂദ ജനത ലോകമെങ്ങും അവിടവിടെയായി ചിതറിപ്പോയി. യഹൂദ ജനതയെ നിരാശാബോധം പിടി കൂടിയിരുന്നു. യെഹസ്കേൽ 37-മത്തെ അദ്ധ്യായത്തിൽ ഇസ്രായേലിന്റെ അവസ്ഥ വിവരിച്ചു കൊടുക്കാൻ പ്രവാചകനെ ഉണങ്ങിയ അസ്ഥികൾ നിറഞ്ഞ ഒരു താഴ്വരയിലേക്ക് വഴി നടത്തി. *"പിന്നെ അവൻ എന്നോടു അരുളിച്ചെയ്തതു: മനുഷ്യപുത്രാ, ഈ അസ്ഥികൾ ഇസ്രായേൽ ഗൃഹമൊക്കെയും ആകുന്നു; ഞങ്ങളുടെ അസ്ഥികൾ ഉണങ്ങി, ഞങ്ങളുടെ പ്രത്യാശ ക്ഷ ഭംഗം വന്നു, ഞങ്ങൾ തീരേ മുടിഞ്ഞിരിക്കുന്നു എന്നു അവർ പറയുന്നു"* (യെഹെസ്കേൽ 37:11).

ഉണങ്ങിയ അസ്ഥികളോട് പ്രവചിക്കാൻ പ്രവാചകനോട് ദൈവം നിർദ്ദേശിച്ചു. *"അതുകൊണ്ടു നീ പ്രവചിച്ചു അവരോടു പറയേണ്ടതു: യഹോവയായ കർത്താവു ഇപ്രകാരം അരുളിച്ചെയ്യുന്നു: എന്റെ ജനമേ, ഞാൻ നിങ്ങളുടെ ശവക്കുഴി തുറന്നു നിങ്ങളെ ശവക്കുഴിയിൽനിന്നു കയറ്റി യിസ്രായേൽദേശത്തേക്കു കൊണ്ടുപോകും"* (യെഹെസ്കേൽ 37:12). പ്രവാചകൻ മുഖേന യഹൂദ ജനതയുടെ പുനസമാഗമനവും ഒരു രാഷ്ട്രമെന്ന നിലയിൽ ഇസ്രായേലിന്റെ പുനസ്ഥാപനവും ദൈവം മുൻ കൂട്ടി പറഞ്ഞു. ദൈവം താൻ ആരുൾ ചെയ്തത് നിറവേറ്റി. 1948 മെയ് 14ന് ഇസ്രായേൽ ഒരു രാഷ്ട്രമായി പ്രഖ്യാപിക്കപ്പെടുകയും ലോകമെമ്പാടുമുള്ള യഹൂദന്മാർ തങ്ങളുടെ സ്വന്തം നാട്ടിലേക്ക് മടങ്ങിവരാൻ തുടങ്ങി.

അതുകൊണ്ട് നാം ചിന്തിക്കുന്ന ആശയറ്റ സാഹചര്യങ്ങളെ തിരിക്കുവാൻ ദൈവത്തിന് കഴിയും. "ശവകുഴികളെ" തുറന്ന്

"വരണ്ട അസ്ഥികൾക്ക്" ജീവൻ പകർന്നുകൊണ്ട് സാഹചര്യങ്ങളെ തിരിക്കാൻ ദൈവം തയ്യാറാണ്! ദൈവത്തിന്റെ മുമ്പിൽ ആശയറ്റതായി ഒന്നുമില്ല.

അബ്രഹാമും സാറയും

അബ്രഹാമിനും സാറയ്ക്കും ഏറെ പ്രായം ചെന്നതിന് ശേഷമാണ് കർത്താവ് അവർക്ക് സ്വന്തമായി ഒരു മകനെ വാഗ്ദാനം ചെയ്തത്. അവർക്ക് ഒരു മകൻ ജനിക്കുമെന്നും ആ മകൻ മുഖാന്തരം ആകാശത്തിലെ നക്ഷത്രങ്ങളെപ്പോലെയും കടൽ തീരത്തിലെ മണൽത്തരികളെപ്പോലെയും മക്കളുള്ള പിൻ തലമുറകൾ ഉണ്ടാകുമെന്നും ദൈവിക വാഗ്ദാനത്തിൽ ഉണ്ടായിരുന്നു. കുട്ടികൾ ഉണ്ടാകില്ല എന്ന ആശയറ്റ അവസ്ഥയിൽ ആയിരുന്ന അവർ, കാരണം ഇത്രയും വർഷങ്ങൾ അവർക്ക് കുട്ടികൾ ഉണ്ടായില്ല. അപ്പോൾ അബ്രഹാമിന് 99 വയസ്സും വന്ധ്യയായ സാറയുടെ ഗർഭപാത്രം നിർജ്ജീവാവസ്ഥയിലും ആയിരുന്നു. വർഷങ്ങളോളം കുട്ടികൾ ഇല്ലാത്തതിനാൽ—ആശയറ്റ ഒരവസ്ഥയിലുമായിരുന്നു.

ഈ സാഹചര്യത്തിൽ ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധേയമാണ്.

റോമാ 4:17,18

[17]മരിച്ചവരെ ജീവിപ്പിക്കയും ഇല്ലാത്തതിനെ ഉള്ളതിനെപ്പോലെ വിളിക്കയും ചെയ്യുന്നവനായി താൻ വിശ്വസിച്ച ദൈവത്തിന്റെ ദൃഷ്ടിയിൽ അവൻ നമുക്കെല്ലാവർക്കും പിതാവാകേണ്ടതിന്നു തന്നേ. "ഞാൻ നിന്നെ ബഹുജാതികൾക്കു പിതാവാക്കിവെച്ചു" എന്നു എഴുതിയിരിക്കുന്നവല്ലോ.

[18]"നിന്റെ സന്തതി ഇവ്വണ്ണം ആകും എന്നു അരുളിച്ചെയ്തിരിക്കുന്നതുപോലെ താൻ ബഹുജാതികൾക്കു പിതാവാകും എന്നു അവൻ ആശെക്കു വിരോധമായി ആശയോടെ വിശ്വസിച്ചു."

നാം പിന്തുടരേണ്ട എത്ര വലിയ മാതൃകയാണിത്. അബ്രഹാം *"ആശക്ക് വിരോധമായി ആശയോടെ വിശ്വസിച്ചു"* പ്രത്യാശിക്കാൻ ഒരു കാരണവും അവശേഷിക്കാതിരിക്കുമ്പോൾ ദൈവം അരുൾ ചെയ്തതിനെ പ്രത്യാശയോടെ അബ്രാഹം വിശ്വസിച്ചു. പ്രത്യാശയിൽ വിശ്വസിച്ചതിനാൽ, *"ദൈവം അരുൾ ചെയ്തതു പോലെ തന്നെ താൻ ആയി തീർന്നു."*

ദൈവം നിങ്ങൾക്ക് ഒരു വാഗ്ദാനം നൽകുമ്പോൾ, "കർത്താവേ, ഈ വാഗ്ദാനം വളരെ പരിഹാസ്യമാണ് " എന്ന്

ഒരിക്കലും പറയരുത്. കാരണം നമ്മുടെ ദൈവം മരിച്ചവന് ജീവൻ തിരികെ നൽകുന്ന ദൈവമാണ്. ദൈവം ഒരു വാഗ്ദത്തം തന്നാൽ, നിലവിലുള്ള ഏത് ആശയറ്റ സാഹചര്യവും ദൈവത്തിന് വിഷയമല്ല. മരിച്ചവന് ജീവൻ കൊടുക്കുന്ന അതെ ദൈവമാണ് നിന്നോട് സംസാരിക്കുന്നതെന്ന് മറന്നു പോകരുത്. ഇല്ലാത്തതിനെ ഉള്ളത് പോലെ വിളിച്ചു വരുത്തുവാൻ കഴിവുള്ളവൻ. നിലവിലുള്ള സാഹചര്യത്തെ മികച്ചതാക്കുക മാത്രമല്ല വേണമെങ്കിൽ പുതിയതൊന്ന് സൃഷ്ടിക്കുവാനും ദൈവത്തിന് കഴിയും. ഒരു പക്ഷെ നിങ്ങളുടെ ജീവിതത്തിൽ സമാധാനം ഉണ്ടായിരിക്കില്ല, ഇല്ലാത്തതിനെ ഉളവാക്കാൻ കഴിയുന്ന ദൈവത്തിന് സമാധാനം തരാൻ കഴിയും. ശരീരത്തിൽ ഇത് വരെയും രോഗത്തിന് സൗഖ്യം അനുഭവിച്ചിട്ടില്ലെങ്കിൽ ദൈവത്തിന് രോഗശാന്തി നൽകാൻ കഴിയും. ഭവനത്തിൽ, ജോലിയിൽ, ഭാവി കാര്യങ്ങളിൽ വിജയം വരിക്കാത്തവരായിരിക്കാം നിങ്ങൾ. എന്നാൽ വിജയം യഥാർത്ഥ്യമാക്കാൻ ദൈവത്തിന് സാദ്ധ്യമാണ്.

5

നിരാശാജനകമായ ഒരു സാഹചര്യത്തിൽ പ്രത്യാശ ഉണ്ടാകുമെന്നുള്ളതിന്റെ അടിസ്ഥാനം

നിരാശജനകമായ സാഹചര്യത്തിൽ പ്രത്യാശ ഉണ്ടായിരിക്കണമെന്നതിനുള്ള അടിസ്ഥാനം എന്താണ്? അത് വെറും ഒരു മിഥ്യാധാരണയാണോ? അതോ മനസ്സിന്റെ നിയന്ത്രണത്തിന്മേലുള്ള ഒരു കടന്നുകയറ്റമോ? അത് എല്ലാം ശുഭകരമായിരിക്കാനുള്ള മാനുഷികമായ സമീപനമാണോ? ഏറ്റവും പ്രയാസകരമായ അവസ്ഥയിൽ പോലും പ്രത്യാശ ഉണ്ടാകുവാനുള്ള കാരണം ലളിതമാണ്,ദൈവവും അവിടുത്തെ വചനവും എന്നത് തന്നെ.

റോമാ 4:18

"നിന്റെ സന്തതി ഇവ്വണ്ണം ആകും എന്നു അരുളിച്ചെയ്തിരിക്കുന്നതുപോലെ താൻ ബഹുജാതികൾക്കു പിതാവാകും എന്നു അവൻ ആശക്കു വിരോധമായി ആശയോടെ വിശ്വസിച്ചു."

വിശ്വസിക്കാൻ കഴിയാത്തത്ത് ആയിരുന്നിട്ടും ദൈവം വാഗ്ദത്തം ചെയ്തത് അബ്രഹാം വിശ്വസിച്ചു. സാഹചര്യം അനുകൂലമാകാതിരുന്നിട്ട് കൂടി താൻ അത് വിശ്വസിച്ചു. എന്തുകൊണ്ട്? ദൈവം പറഞ്ഞത്കൊണ്ട്! *"പറഞ്ഞിരുന്നതുപോലെ"* അവൻ പ്രതാശയിൽ വിശ്വസിച്ചു അതായിരുന്നു ആ പ്രത്യാശയുടെ അടിസ്ഥാനം. ദൈവം പറഞ്ഞത് കൊണ്ട് ആശയറ്റ സാഹചര്യം ആയിരുന്നെങ്കിൽ പോലും, അബ്രഹാം ആ സാഹചര്യത്തിന് എതിരായി വിശ്വസിച്ചു.

ദൈവവും അവിടുത്തെ വചനവും നമ്മുടെ പ്രത്യാശയുടെ അടിസ്ഥാനമായിത്തീരുന്നു

സങ്കീർത്തനങ്ങൾ 38:15

യഹോവേ, നിങ്കൽ ഞാൻ പ്രത്യാശ വെച്ചിരിക്കുന്നു; എന്റെ ദൈവമായ കർത്താവേ, നീ ഉത്തരം അരുളും.

സങ്കീർത്തനങ്ങൾ 130:5
ഞാൻ യഹോവക്കായി കാത്തിരിക്കുന്നു; എന്റെ ഉള്ളം കാത്തിരിക്കുന്നു; അവന്റെ വചനത്തിൽ ഞാൻ പ്രത്യാശവെച്ചിരിക്കുന്നു.

റോമ 15:4
എന്നാൽ മുന്നെഴുതിയിരിക്കുന്നതു ഒക്കെയും നമ്മുടെ ഉപദേശത്തിന്നായിട്ടു, നമുക്കു തിരുവെഴുത്തുകളാൽ ഉളവാകുന്ന സ്ഥിരതയാലും ആശ്വാസത്താലും പ്രത്യാശ ഉണ്ടാകേണ്ടതിന്നു തന്നേ എഴുതിയിരിക്കുന്നു.

ദൈവമാണ് നമ്മുടെ പ്രത്യാശയുടെ കാരണവും ശക്തിയും ഉറവിടവും. ദൈവത്തിന്റെ വചനമാണ് നമ്മുടെ പ്രത്യാശയക്ക് അടിസ്ഥാനമാകുന്നത്. തിരുവെഴുത്തുകളിലൂടെ നമ്മുടെ ഹൃദയത്തിൽ ഉളവാകുന്ന ക്ഷമയും ആശ്വാസവുമാണ് പ്രത്യാശയിൽ നമ്മെ നിലനിറുത്തുന്നത്.

ഭാവിയെ കുറിച്ചുള്ള പ്രത്യാശ

നാം ഇത് വരെ വായിച്ചതിന്റെ പ്രായോഗിക വശം നോക്കാം ഇത് വായിക്കുന്ന നിങ്ങളിൽ ചിലർ ഇങ്ങനെ പറഞ്ഞേക്കാം "ഭാവിയെക്കുറിച്ച് എനിക്ക് വലിയ പ്രതീക്ഷ ഇല്ല" അല്ലെങ്കിൽ "ഞാൻ ഇനിയും ബഹദൂരം മുന്നോട്ട് പോകുമെന്ന് ഒരിക്കലും തോന്നുന്നില്ല, എന്റെ ജീവിതത്തിൽ കാര്യമായിട്ടൊന്നും സംഭവിക്കാൻ പോകുന്നില്ല." ദൈവത്തിലൂടെയും ദൈവ വചനത്തിലൂടെയും നമ്മുടെ നല്ലഭാവിക്കായി നമുക്ക് പ്രത്യാശിക്കാൻ കഴിയുമെന്ന് നിങ്ങൾ അറിയണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിന്റെ വചനം ഇങ്ങനെ പറയുന്നു.

1 കൊരിന്ത്യർ 2:9
"ദൈവം തന്നെ സ്നേഹിക്കുന്നവർക്കു ഒരുക്കീട്ടുള്ളതു കണ്ണു കണ്ടിട്ടില്ല ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നീട്ടുമില്ല." എന്നു എഴുതിയിരിക്കുന്നതുപോലെ തന്നേ.

ഭാവിയെ കുറിച്ച് നമുക്ക് പ്രത്യാശയുണ്ട് മാത്രമല്ല അത്ഭുതകരമായ കാര്യങ്ങൾ ഭാവിയിൽ കാണുമെന്ന് നാം പ്രത്യാശിക്കുന്നു. എന്ത് കൊണ്ട്? ദൈവത്തെ സ്നേഹിക്കുന്നവർക്ക് വേണ്ടി അവിടുന്ന് ഒരുക്കിയിട്ടുണ്ടെന്ന് വചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു എന്നതുകൊണ്ട്.

യിരെമ്യാവ് 29:11
നിങ്ങൾ പ്രത്യാശിക്കുന്ന ശുഭഭാവി വരുവാൻ തക്കവണ്ണം ഞാൻ നിങ്ങളെക്കുറിച്ചു നിരൂപിക്കുന്ന നിരൂപണങ്ങൾ ഇന്നവ എന്നു ഞാൻ അറിയുന്നു; അവ തിന്മക്കല്ല നന്മക്കത്രേയുള്ള നിരൂപണങ്ങൾ എന്നു യഹോവയുടെ അരുളപ്പാടു.

ദൈവവചനം—ഇതാണ് നമ്മുടെ പ്രത്യാശയുടെ അടിസ്ഥാനം. തന്മൂലം ശുഭ ഭാവിക്കായി നമുക്ക് പ്രത്യാശിക്കാൻ കഴിയും. നമ്മുടെ ഇന്നത്തെ അവസ്ഥ ഒരിക്കലും ഒടുവിലെ അവസ്ഥയെ സൂചിപ്പിക്കുന്നില്ല. ദൈവം തന്റെ വചനത്തിൽ നൽകിയ വാഗ്ദത്തപ്രകാരം നമ്മുടെ ഭാവി ശക്തവും വിജയകരവും സുരക്ഷിതത്വവും ആകുമെന്ന് നമുക്ക് പ്രത്യാശിക്കാം. നമ്മുടെ ഇപ്പോഴത്തെ സാഹചര്യങ്ങൾ നമ്മെ തളർത്തി കളയാൻ നാം അനുവദിക്കരുത്.

വിജയം വരിക്കുന്നതിലേക്കുള്ള പ്രത്യാശ

ജീവിതത്തിൽ ഒരിക്കലും വിജയിക്കുകയില്ലെന്ന നിഷേദാത്മക ചിന്ത നിങ്ങളിൽ ചിലരെ ഭരിക്കുന്നുണ്ടാകാം എന്റെ ജീവിതം ഒരു വിജയം ആകുമോ എന്ന് ആശ്ചര്യപ്പെടുന്നും ഉണ്ടാകാം. ഒരുപക്ഷെ നിങ്ങളുടെ ജീവിതത്തിലെ സകല പരിശ്രമങ്ങളും പരാജയത്തിൽ കലാശിച്ചിരിക്കാം അത് മൂലേന ഒരിക്കലും വിജയിക്കാൻ കഴിയില്ലെന്ന അവസ്ഥയും ഉണ്ടായെന്ന വന്നേക്കാം. എന്നാൽ ദൈവ വചനം പറയുന്നത് നിങ്ങൾ വിശ്വസിക്കണം.

സങ്കീർത്തനങ്ങൾ 1:1-3
[1]ദുഷ്ടന്മാരുടെ ആലോചനപ്രകാരം നടക്കാതെയും പാപികളുടെ വഴിയിൽ നിൽക്കാതെയും പരിഹാസികളുടെ ഇരിപ്പിടത്തി�ൽ ഇരിക്കാതെയും
[2]യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ചു അവന്റെ ന്യായപ്രമാണത്തെ രാപ്പകൽ ധ്യാനിക്കുന്നവൻ ഭാഗ്യവാൻ.
[3]അവൻ, ആറ്റരികത്തു നട്ടിരിക്കുന്നതും തക്കകാലത്തു ഫലം കായ്ക്കുന്നതും ഇലവാടാത്തതുമായ വൃക്ഷംപോലെ ഇരിക്കും; അവൻ ചെയ്യുന്നതൊക്കെയും സാധിക്കും.

ഒരു ഫലവൃക്ഷം പോലെ സ്വയം ചിത്രീകരിക്കുക. നിങ്ങൾ അഭിവൃദ്ധിപ്പെടുമെന്നും ചെയ്യുന്നതെല്ലാം ഫലം പുറപ്പെടുവിക്കുമെന്നും ദർശിക്കുക. നിങ്ങളെ സംബന്ധിച്ചുള്ള ദൈവത്തിന്റെ വചനമാണിത്. ദൈവം നിങ്ങൾക്കായി കരുതുന്നവയെ, ചെയ്യാൻ കഴിയുന്നതിനെ കൊള്ളയടിക്കുവാൻ നിങ്ങൾ ഒരു സാഹചര്യവും അനുവദിക്കരുത്.

സ്വപ്ന സാക്ഷാൽക്കാരത്തിനായുള്ള പ്രത്യാശ

സ്വപ്നങ്ങൾ സാക്ഷാൽക്കരിക്കപ്പെടുന്ന കാര്യത്തിൽ നിങ്ങളിൽ പലരും പ്രത്യാശ കൈ വിട്ടവരായിരിക്കാം എന്നാൽ ദൈവ വചനം പറയുന്നു.

സങ്കീർത്തനങ്ങൾ 37:4
യഹോവയിൽ രസിച്ചു കൊള്ളുക അവൻ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിനക്കു തരും.

എന്റെ സ്വപ്നങ്ങൾ ഒരിക്കലും സാധിക്കുകയില്ലെന്ന് തോന്നിയ പല സാഹചര്യങ്ങൾ എന്റെ ജീവിതത്തിൽ കടന്നുവരുകയുണ്ടായി. ഞാൻ ഓർക്കുന്നു, ഞാൻ വളരുമ്പോൾ ലോക രാജ്യങ്ങളെ സ്വാധീനിക്കുന്ന ഒരു സഭ ബാംഗ്ലൂരിൽ സ്ഥാപിക്കുക എന്ന സ്വപ്നം എനിക്ക് ഉണ്ടായിരുന്നു. വിവിധ കാര്യങ്ങൾ സംഭവിച്ചു. അത്തരം സാഹചര്യങ്ങൾക്കിടയിൽ എന്റെ സ്വപ്നങ്ങൾ ഒരിക്കലും സാക്ഷാൽക്കരിക്കപ്പെടുകയില്ലെന്ന ചിന്തയിലേക്ക് ഞാൻ നയിക്കപ്പെടാൻ ഇടയായി. അതൊരു സ്വപ്നം മാത്രമായി അവശേഷിക്കുമെന്ന് എനിക്ക് തോന്നി. ഞാനൊരിക്കലും അതിലേക്ക് എത്തിപ്പെടുകയില്ലെന്ന് തോന്നിയെങ്കിലും ഞാൻ ആ പ്രത്യാശയിൽ നില നിൽക്കാൻ കാരണമായത് ദൈവത്തിന്റെ വചനമാണ്. ദൈവം എനിക്ക് *"ശുഭകരമായ ഭാവിയും പ്രത്യാശയും നലകുമെന്ന്"* ദൈവത്തിന്റെ വചനം പറയുന്നു. *"കണ്ണ് കണ്ടിട്ടില്ലാത്തതും ചെവികേട്ടിട്ടില്ലാത്തതുമായ"* കാര്യങ്ങൾ ദൈവം ഒരുക്കുന്നു. മാത്രമല്ല നാം ദൈവത്തിൽ പ്രമോദിച്ചാൽ, പ്രസാധാകരമായത് ചെയ്താൽ നമ്മുടെ ഹൃദയത്തിലെ ആഗ്രഹം അവിടുന്ന് സാധിപ്പിച്ചു തരും എന്ന് വചനം പറയുന്നു. നമ്മുടെ മോശമായ അവസ്ഥയിൽ നിന്ന് തീരെ മോശമായ അവസ്ഥയിലേക്ക് സാഹചര്യങ്ങൾ മാറി മറിഞ്ഞാലും അവിടുത്തെ വചനം അചഞ്ചലമാണ്. ഞാൻ ആ വചനത്തെ മുറുകെ പിടിച്ചു. ദൈവത്തിന്റെ വചനമാണ് എന്റെ പ്രത്യാശയുടെ അടിസ്ഥാനം. എന്നാൽ ഇപ്പോൾ എന്റെ സ്വപ്നം യഥാർഥ്യമാകുന്നത് ഞാൻ കാണുന്നു ഹല്ലേലൂയ!

നിങ്ങളുടെ മക്കൾക്കായുള്ള പ്രത്യാശ

നിങ്ങളിൽ ചിലർക്ക് നിങ്ങളുടെ മക്കളെക്കുറിച്ചുള്ള പ്രത്യാശ നഷ്ടപ്പെട്ടേക്കാം. നിങ്ങൾ അവരെ നന്നായി വളർത്തുകയും വചനം പഠിപ്പിക്കുകയും ചെയ്തിരിക്കാമെങ്കിലും ഇപ്പോൾ അവർ കടന്നു പോകുന്ന ഘട്ടം വളരെ നിരാശ ജനകമായിരിക്കാം.

നിങ്ങൾ അവരാകണമെന്ന് ആഗ്രഹിച്ച അവസ്ഥയിൽ എത്താതെയായിരിക്കാം കടന്ന് പോകുന്നത്. ഒരു പക്ഷെ മക്കളുടെ പഠനം മുടങ്ങിയിരിക്കാം അല്ലെങ്കിൽ അവർ മദ്യത്തിനും മയക്കു മരുന്നിനും അടിമയായിരിക്കാം. നിങ്ങളുടെ എല്ലാ പ്രവർത്തനങ്ങളും വ്യർത്ഥമായി പോയി എന്ന് തോന്നിയേക്കാം. ഇത്രയും വർഷത്തെ കഠിനാദ്ധ്വാനങ്ങൾ വൃഥാവായി എന്ന് നിരൂപിക്കുന്നുണ്ടാകാം. മക്കളെ കുറിച്ചുള്ള പ്രത്യാശ നഷ്ടപ്പെടുന്നതിന്റെ വക്കിലായിരിക്കാം നിങ്ങൾ. നിങ്ങളെ ധൈര്യപ്പെടുത്തി കൊണ്ട് ഞാൻ പറയാൻ ആഗ്രഹിക്കുന്നു. "പ്രത്യാശ കൈവിടരുത്". ദൈവ വചനം പറയുന്നു,

സങ്കീർത്തനങ്ങൾ 112:1,2
[1]യഹോവയെ സ്തുതിപ്പിൻ. യഹോവയെ ഭയപ്പെട്ടു, അവന്റെ കല്പനകളിൽ ഏറ്റവും ഇഷ്ടപ്പെടുന്ന മനുഷ്യൻ ഭാഗ്യവാൻ.
[2]അവന്റെ സന്തതി ഭൂമിയിൽ ബലപ്പെട്ടിരിക്കും; നേരുള്ളവരുടെ തലമുറ അനുഗ്രഹിക്കപ്പെടും.

നിങ്ങൾക്ക് കർത്താവിനോട് ഇങ്ങനെ പറയാൻ കഴിയും "ഞാൻ അങ്ങയുടെ വചനത്തിൽ പ്രത്യാശിക്കുന്നു. എന്റെ മക്കൾ ഭൂമിയിൽ ബലപ്പെട്ടിരിക്കും" എന്നാണല്ലോ അങ്ങയുടെ വചനം. അതിന്റെ അർത്ഥം അവർ പ്രയോജനമുള്ളവർ ആകും എന്നാണല്ലോ. അവർ ദൈവരാജ്യത്തിന് അനുയോജ്യർ ആകും. അവർ ഈ ഭൂമിക്ക് ഭാരമാകാതെ അനുഗ്രഹീതരാകും. ദൈവസന്നിധിയിൽ വിലയേറിയവരാകും.

യെശയ്യാവ് 54:13
നിന്റെ മക്കൾ എല്ലാവരും യഹോവയാൽ ഉപദേശിക്കപ്പെട്ടവരും നിന്റെ മക്കളുടെ സമാധാനം വലിയതും ആയിരിക്കും.

ഈ വാക്യം നിങ്ങളുടെ പ്രത്യാശയുടെ ഉറപ്പാകട്ടെ. പ്രത്യാശ കൈവിടരുത്, നിങ്ങൾ പറയുന്ന കാര്യങ്ങൾക്ക് നിങ്ങളുടെ മക്കൾ ചെവി കൊടുക്കുന്നില്ലായിരിക്കാം, എങ്കിലും ഈ വചനത്താൽ നിങ്ങൾക്ക് ഇപ്പോഴും ആശക്കെതിരെ പ്രത്യാശിക്കാം.

രോഗ സൗഖ്യത്തിനായുള്ള പ്രത്യാശ

നിങ്ങളിൽ പലരും പല തരത്തിലുള്ള രോഗങ്ങളാൽ കഷ്ടപ്പെടുന്നവരായിരിക്കും ആശക്ക് വകയില്ലെന്ന് ഡോക്ടർമാർ പറഞ്ഞിട്ടുമുണ്ടാകാം എന്നാൽ ദൈവ വചനം എന്താണ് പറയുന്നത്.

സങ്കീർത്തനങ്ങൾ 103:3
അവൻ നിന്റെ അകൃത്യം ഒക്കെയും മോചിക്കുന്നു; നിന്റെ സകലരോഗങ്ങളെയും സൗഖ്യമാക്കുന്നു;

അതാകുന്നു നമുക്കുള്ള പ്രത്യാശ. നമ്മുടെ പ്രത്യാശയിൽ സജീവമായി നില നിർത്തുക. ദൈവ വചനം വിഭാവനം ചെയ്തതുപോലെ സൗഖ്യമായെന്ന് ദർശിക്കുക.

സദൃശവാക്യങ്ങൾ 3:7,8
[7]നിനക്കു തന്നേ നീ ജ്ഞാനിയായ്തോന്നരുതു; യഹോവയെ ഭയപ്പെട്ടു ദോഷം വിട്ടുമാറുക.
[8]അതു നിന്റെ നാഭിക്കു ആരോഗ്യവും അസ്ഥികൾക്കു തണുപ്പും ആയിരിക്കും.

ദൈവത്തോടുള്ള നിങ്ങളുടെ ഭയഭക്തി നിങ്ങളുടെ ശരീരത്തിലേക്ക് രോഗശാന്തി വരുത്തുന്നു.

6

ആശയറ്റ സാഹചര്യത്തിന്റെ മുന്നിൽ ഞാൻ എന്ത് ചെയ്യും?

റോമർ 4:17-21

[17]മരിച്ചവരെ ജീവിപിക്കയും ഇല്ലാത്തതിനെ ഉള്ളതിനെപോലെ വിളിക്കയും ചെയ്യുന്നവനായി താൻ വിശ്വസിച്ച ദൈവത്തിന്റെ ദൃഷ്ടിയിൽ അവൻ നമുക്കെല്ലാവർക്കും പിതാവാകേണ്ടതിന്നു തന്നേ. "ഞാൻ നിന്നെ ബഹുജാതികൾക്കു പിതാവാക്കി വെച്ചു" എന്നു എഴുതിയിരിക്കുന്നുവല്ലോ.

[18]നിന്റെ സന്തതി ഇവ്വണ്ണം ആകും എന്നു അരുളിച്ചെയ്തിരിക്കുന്നതുപോലെ താൻ ബഹുജാതികൾക്കു പിതാവാകും എന്നു അവൻ ആശെക്കു വിരോധമായി ആശയോടെ വിശ്വസിച്ചു.

[19]അവൻ ഏകദേശം നൂറു വയസ്സുള്ളവനാകയാൽ തന്റെ ശരീരം നിർജ്ജീവമായിപോയതും സാറയുടെ ഗർഭപാത്രത്തിന്റെ നിർജ്ജീവത്വവും ഗ്രഹിച്ചിട്ടും വിശ്വാസത്തിൽ ക്ഷീണിച്ചില്ല.

[20]ദൈവത്തിന്റെ വാഗ്ദത്തത്തിങ്കൽ അവിശ്വാസത്താൽ സംശയിക്കാതെ വിശ്വാസത്തിൽ ശക്തിപ്പെട്ടു ദൈവത്തിന്നു മഹത്വം കൊടുത്തു,

[21]അവൻ വാഗ്ദത്തം ചെയ്തതു പ്രവർത്തിപ്പാനും ശക്തൻ എന്നു പൂർണ്ണമായി ഉറെച്ചു.

അത് കൊണ്ട് ആശയറ്റ സാഹചര്യത്തിന്റെ മധ്യത്തിൽ ദൈവത്തിങ്കലേക്കു തിരിയാൻ നാം എന്ത് ചെയ്യും? അബ്രഹാമിന്റെ ജീവിതത്തിൽ നിന്ന് എന്ത് പാഠമാണ് നമുക്ക് പഠിക്കാൻ കഴിയുന്നത്? ദൈവം അനുവദിച്ച ആശയറ്റ സാഹചര്യം മാറ്റുവാൻ അബ്രാഹം എന്താണ് ചെയ്തത്? ബൈബിൾ പറയുന്നു ആശക്ക് എതിരായി ദൈവം വാഗ്ദത്തം ചെയ്തത് സംഭവിക്കുമെന്ന് ആശയോടെ അബ്രഹാം വിശ്വസിച്ചു (റോമർ 4:18) ദൈവം അരുളി ചെയ്തതെല്ലാം സംഭവിക്കുമെന്ന് നിങ്ങൾ വിശ്വസിക്കുമോ? ഉദാഹരണത്തിന് ദൈവവചനം പറയുന്നു "നിങ്ങൾ ചെയ്യുന്നതെന്തും അഭിവൃദ്ധിപ്പെടുമെന്ന് നിങ്ങൾ വിശ്വസിക്കണം" നിങ്ങൾ വിശ്വസിക്കുമോ?

ദൈവം സംസാരിച്ചതി നൊത്തവണ്ണം ഞാൻ ആയി തീരുമെന്ന് പ്രത്യാശയോടെ വിശ്വസിക്കുക

ദൈവവും ദൈവത്തിന്റെ വചനവും ഒന്നാണ് ദൈവത്തിന്റെ വചനത്തിലുള്ള വിശ്വാസം ദൈവത്തിലുള്ള വിശ്വാസം തന്നെയാണ്. ഇപ്പോൾ ആശയറ്റ അവസ്ഥയാണെങ്കിലും ആശക്കെതിരെ പ്രത്യാശയോടെ ദൈവം വാഗ്ദത്തം ചെയ്തത് സംഭവിക്കും എന്ന് വിശ്വസിക്കണം പ്രത്യാശ കൈവിടരുത്.

നിങ്ങൾ കടന്നു പോകുന്ന ആശയറ്റ സാഹചര്യങ്ങൾ നിങ്ങളുടെ വിശ്വാസത്തെ തളർത്തരുത്

അബ്രഹാമിനെ കുറിച്ച് എന്താണ് എഴുതിയിരിക്കുന്നത് *"അവൻ ഏകദേശം നൂറു വയസ്സുള്ളവനാകയാൽ തന്റെ ശരീരം നിർജ്ജീവമായിപ്പോയതും സാറയുടെ ഗർഭപാത്രത്തിന്റെ നിർജ്ജീവത്വവും ഗ്രഹിച്ചിട്ടും വിശ്വാസത്തിൽ ക്ഷീണിച്ചില്ല"* (റോമർ 4:19) എന്നാണ്. അവന്റെ ശരീരത്തിന്റെ അവസ്ഥയും തന്റെ ചുറ്റുമുള്ള സാഹചര്യങ്ങളും തന്റെ വിശ്വാസത്തെ ദുർബലപ്പെടുത്തുവാൻ താൻ അനുവദിച്ചില്ല. നിരാശജനകമായ ഒരു സാഹചര്യവും നിങ്ങളുടെ വിശ്വാസത്തെ ദുർബലപ്പെടുത്തരുത്. "ഇത് നന്നാക്കാൻ പറ്റാത്തതാണ്" എന്ന് ചുറ്റും നോക്കി പറയരുത്.

കടന്ന് പോകുന്ന സാഹചര്യങ്ങളെ നിഷേധിക്കണമെന്നല്ല ഇവിടെ അർത്ഥമാക്കുന്നത്. നിലവിലുള്ള സാഹചര്യങ്ങൾ, ജീവിതയഥാർഥ്യങ്ങൾ വിശ്വാസത്തെ ദുർബലപ്പെടുത്തുവാൻ അനുവദിക്കരുതെന്നു സാരം, പകരം നിങ്ങളുടെ വാഗ്ദത്ത നിവർത്തിയുടെ ഒരു ചിത്രം ഭാവനയുടെ "ക്യാൻവാസിൽ" "പെയിന്റ്" ചെയ്യണം. ഉദാഹരണത്തിന് നിങ്ങൾ പൂർണമായി സൗഖ്യമായതായി കാണുക, ജീവിതത്തിൽ നിങ്ങൾ വിജയം വരിച്ചുവെന്ന് കാണുക, ദാമ്പത്യ ബന്ധത്തിലെ മുറിവുകൾ ഉണങ്ങി സൗഖ്യമായെന്നും കുടുംബ ജീവിതം യഥാസ്ഥാനപ്പെട്ടുവെന്നും കാണുക, നിങ്ങളുടെ കുട്ടികൾ ദൈവത്തെ സേവിക്കുന്നതും ദൈവവഴിയിൽ നടക്കുന്നതായും കാണുക ദൈവവചനത്തെ അടിസ്ഥാനമാക്കി അത്തൊരുമൊരു ചിത്രത്തിന് ചായം കൊടുത്ത് കൂടെ കൂടെ ദർശിക്കുക!

ഒരു രാത്രി ദൈവം അബ്രഹാമിനെ കൂടാരത്തിന്റെ പുറത്ത് കൊണ്ടുവന്ന് *"നീ ആകാശത്തേക്കു നോക്കുക; നക്ഷത്രങ്ങളെ എണ്ണുവാൻ കഴിയുമെങ്കിൽ എണ്ണുക എന്നു കല്പിച്ചു. നിന്റെ സന്തതി ഇങ്ങനെ ആകും എന്നും അവനോടു കല്പിച്ചു"*

(ഉൽപത്തി 15:5). അപ്പോൾ അബ്രഹാമിന്റെ മനോമുകുരത്തിൽ ദൈവിക വാഗ്ദത്തത്തിന്റെ ഒരു "ചിത്രം" രൂപപ്പെട്ടു. ആകാശത്തിലെ നക്ഷത്രങ്ങളെ പ്പോലെ തനിക്ക് തലമുറയുണ്ടാകുമെന്ന് "കാണുവാൻ" കഴിഞ്ഞു ഒരോ തവണയും തന്റെ ശരീരത്തിന്റെയും സാറായുടെ ഗർഭപാത്രത്തിന്റെയും നിർജ്ജീവാവസ്ഥ ഗ്രഹിക്കുമ്പോഴും, ആകാശത്തിലെ നക്ഷത്രങ്ങൾ പോലെയും കടൽ തീരത്തെ മണൽത്തരികൾ പോലെയും തനിക്ക് പിൻതലമുറകളിൽ മക്കളെ നൽകുമെന്നുള്ള ദൈവിക വാഗ്ദത്തം അബ്രഹാം സ്വയം ഓർമിപ്പിക്കുമായിരുന്നു.

ദൈവത്തിന്റെ വചനം ആയിരക്കണക്കിന് വ്യക്തികളോട് ഞാൻ ശുശ്രൂഷിക്കുന്നതായി ഭാവനയിൽ കണ്ടു. ഞങ്ങളുടെ പ്രദേശിക സഭക്ക് നഗരത്തിൽ അഞ്ച് വ്യത്യസ്ത സ്ഥലങ്ങളിൽ അനേകായിരങ്ങൾ കടന്നുവരുന്ന കൂടി വരവുകൾ ഉണ്ടാകുമെന്ന് ഭാവനയിൽ ചിത്രീകരിച്ചു. അത് കൊണ്ട് ഞായറാഴ്ച രാവിലെ സഭയിലെ ഒഴിഞ്ഞ കസേരകൾ എന്റെ വിശ്വാസത്തെ ദുർബലപ്പെടുത്തിയില്ല, കാരണം എന്റെ മനസ്സിൽ ഞങ്ങളുടെ അന്ത്യ ലക്ഷ്യസ്ഥാനത്തിന്റെ ഒരു ചിത്രമുണ്ടായിരുന്നു. ഇപ്പോൾ എല്ലാ ഞായറാഴ്ചയും ഞാൻ പ്രകടമാക്കിയ പ്രത്യാശ യാഥാർത്ഥ്യമായി ഞാൻ കാണുന്നു. നിങ്ങളുടെ നിലവിലെ സാഹചര്യങ്ങൾ എത്രമാകട്ടെ നിങ്ങളുടെ ലക്ഷ്യസ്ഥാനത്തിന്റെ ഒരു ചിത്രം മനസ്സിൽ സൂക്ഷിക്കുക, പ്രത്യാശയോടെ മുന്നേറുക.

ദൃഢനിശ്ചയവും സഹിഷ്ണതയും പ്രകടമാക്കുക

അബ്രഹാമിന്റെ ജീവിതത്തിൽ നിന്ന് നാം നിരീക്ഷിക്കുന്ന കാര്യം അബ്രഹാം അവിശ്വാസത്താൽ പതറിയില്ല (റോമർ 4:20) ദൈവിക വാഗ്ദത്തങ്ങിൽ സംശയിച്ചില്ല, മാത്രമല്ല ദൃഢനിശ്ചയവും സഹിഷ്ണതയും പ്രകടമാക്കുകയും ചെയ്തു. പ്രത്യശക്ക് ഒപ്പം ദൃഢനിശ്ചയവും സഹിഷ്ണതയും അനിവാര്യമായി നമ്മിൽ ഉണ്ടായിരിക്കണം. റോമർ 8:25 പറയുന്നു, *"നാം കാണാത്തതിന്നായി പ്രത്യാശിക്കുന്നു എങ്കിലോ അതിനായി ക്ഷമയോടെ കാത്തിരിക്കുന്നു."* നമ്മിൽ പലരും പല കാര്യങ്ങളും പ്രത്യാശിക്കുന്നുവെങ്കിലും ഉടനടി അത് നടപ്പിലാകണമെന്നാണ് നാം

ആഗ്രഹിക്കുന്നത്. എന്നാൽ മറുവശത്ത് കാണാത്ത കാര്യങ്ങൾക്കായി ക്ഷമയോടെ കാത്തിരിക്കുക എന്നാണ് തിരുവചനം നമ്മെ ഉപദേശിക്കുന്നത്. എളുപ്പത്തിൽ പ്രത്യാശ കൈവിടരുത്, അല്പം സഹിഷ്ണതയോടെ കാത്തിരിക്കണം. അപ്പോസ്തലനായ പൗലോസ് ഇപ്രകാരം പറയുന്നു.

1 തെസ്സലൊനീക്യർ 1:3
നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ചുള്ള പ്രത്യാശയുടെ സ്ഥിരതയും ഇടവിടാതെ നമ്മുടെ ദൈവവും പിതാവുമായവന്റെ സന്നിധിയിൽ ഓർത്തു.

പ്രത്യാശയിൽ സഹിഷ്ണതയുണ്ട്! ദൈവവചനത്തിൽ ആസ്പദമാക്കിയ യഥാർത്ഥ പ്രത്യാശ സഹിഷ്ണതയോട് കൂടിയതാണ്.

വിലാപങ്ങൾ 3:26
യഹോവയുടെ രക്ഷെക്കായി മിണ്ടാതെ കാത്തിരിക്കുന്നതു നല്ലതു

നിങ്ങൾക്ക് യഥാർത്ഥത്തിൽ പ്രത്യാശയുണ്ടെങ്കിൽ, ശാന്തതയും, സ്വസ്ഥതയും ആത്മസംയമനവും ഉണ്ടാകും. പ്രത്യാശിക്കുന്നത് വരാൻ പോകുന്നുവെന്ന് നിങ്ങൾക്കറിയാം. അതുകൊണ്ട് നിങ്ങൾ അസ്വസ്ഥനല്ല, മനംകലങ്ങുന്നവനുമല്ല, പ്രക്ഷുബ്ധനുമല്ല, നിങ്ങൾ ആഗ്രഹിക്കുന്നത് നേടാനുള്ള വഴിയിൽ ഒന്നും കാണുന്നില്ലെങ്കിലും നിങ്ങൾ പ്രത്യാശയോടെ അത് നേടാൻ ആഗ്രഹിക്കുന്നു. നിങ്ങളുടെ ശാന്തതയുടെ കാരണം നിങ്ങൾ വിശ്വസിക്കുന്നത് സംഭവിക്കുമെന്ന് നിങ്ങൾക്കറിയാമെന്നുള്ളതുകൊണ്ടാണ്. നിങ്ങൾക്ക് ദൃഢനിശ്ചയമുണ്ട്, അത് കൊണ്ട് നിങ്ങൾ ക്ഷമയോടെ കാത്തിരിക്കുന്നു. ദൈവ വചനം സ്ഥിരമായി അനുസരിക്കുന്നത്കൊണ്ട് വെളിപ്പെട്ടുവരുന്ന ഒന്നാണ് ദൃഢനിശ്ചയം. കുറുക്കു വഴികൾ സ്വീകരിക്കേണ്ട. അത് കൂടുതൽ പ്രശ്നത്തിലേക്ക് നയിക്കുകയെ ഒള്ളു!

നിങ്ങളുടെ സന്തോഷം നിലനിർത്തുക; ദൈവത്തെ സ്തുതിക്കുക
അബ്രഹാം ദൈവത്തെ മഹത്വപ്പെടുത്തി (റോമർ 4:20). പ്രത്യാശ നിങ്ങൾക്കുള്ളപ്പോൾ, നിങ്ങൾക്ക് സന്തോഷമുണ്ട്. എന്തെന്നാൽ, വചനത്തിൽ നിങ്ങൾക്ക് പ്രതാശയുണ്ട്, നിങ്ങൾക്ക് സന്തോഷിക്കാം. അനുകൂല സാഹചര്യങ്ങളിൽ നിങ്ങൾ സന്തോഷിക്കുന്ന സമയങ്ങളുണ്ട് പക്ഷെ പ്രതാശയിലും നമ്മൾ സന്തോഷിക്കുന്നു. ചെറിയ

കുട്ടികളുള്ളവർക്ക് അറിയാം അവരുടെ ജന്മദിനം അടുക്കുമ്പോൾ അവർ എത്ര ആവേശഭരിതരാകും! എന്ന്. ഞങ്ങളുടെ മകളായ റൂത്ത് അവളുടെ ജന്മദിനം ആഘോഷിച്ചപ്പോൾ കുട്ടിയായിരുന്നു. അവൾ മുമ്പത്തെ ആഴ്ച മുതൽ ആ ദിവസത്തിനായി ആശയോടെ കാത്തിരിക്കാൻ തുടങ്ങി. അവൾ "പ്രത്യാശയിൽ സന്തോഷിക്കുകയായിരുന്നു!" അവളുടെ ജന്മദിനത്തിന്റെ തലേദിവസം രാത്രി അവൾ ആവേശഭരിതയായി പറഞ്ഞു, "ഡാഡി, ഞാൻ നാളെ ഉണരുമ്പോൾ, ഡാഡി എന്നോട് പറയണം 'ഗ്രഡ് മോർണിങ്ങ് ഹാപ്പി ബർത്ത് ഡേ മോളൂ എന്ന്.'" അടുത്ത ദിവസം അവൾ പിറന്നാൾ ആഘോഷിക്കാൻ പോകുന്ന എന്ന വസ്തുത "ഇപ്പോൾ" സന്തോഷം നൽകി. ഇന്നവളുടെ ജന്മദിനമല്ലെങ്കിലും, അടുത്ത ദിവസം ആഘോഷിക്കാൻ പോകുന്ന അവളുടെ ജന്മദിനമാണ്, ഇന്നത്തെ അവളുടെ പ്രത്യാശയിലുള്ള സന്തോഷത്തിന്റെ രഹസ്യം. അത്പോലെ ക്രിസ്ത്യാനികളായ നമ്മൾ പ്രത്യാശയിൽ സന്തോഷിക്കുന്നവരാകണം. ദൈവം നമുക്ക് വേണ്ടി പ്രവർത്തിക്കും, നമ്മുടെ ചുറ്റുമുള്ള കാര്യങ്ങൾ, നമ്മുടെ സാഹചര്യങ്ങൾ മാറും, പ്രത്യാശയോടെ സന്തോഷിക്കാം.

റോമർ 15:13

എന്നാൽ പ്രത്യാശ നല്കുന്ന ദൈവം പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നിങ്ങൾ പ്രത്യാശയിൽ സമൃദ്ധിയുള്ളവരായി വിശ്വസിക്കുന്നതിലുള്ള സകല സന്തോഷവും സമാധാനവുംകൊണ്ടു നിങ്ങളെ നിറയ്ക്കുമാറാകട്ടെ.

റോമർ 12:12,13

[12]ആശയിൽ സന്തോഷിപ്പിൻ;
[13]കഷ്ടതയിൽ സഹിഷ്ണത കാണിപ്പിൻ; പ്രാർത്ഥനയിൽ ഉറ്റിരിപ്പിൻ;

നമുക്ക് പ്രത്യാശയിൽ സമൃദ്ധമായിരിക്കാൻ കഴിയും, പ്രത്യാശയുടെ ദൈവം നമ്മെ സന്തോഷവും സമാധാനവും കൊണ്ട് നിറയ്ക്കുന്നു. നാം വിശ്വസിക്കുമ്പോളാണ് നമ്മുടെ ജീവിതത്തിൽ സന്തോഷവും സമാധാനവും ഉണ്ടാകുന്നത് ചിലപ്പോൾ കാത്തിരിപ്പ് നീളുമ്പോൾ ആളുകളിൽ പരാതിപ്പെടലും മുറുമുറുപ്പും തുടങ്ങും ഈ സാഹചര്യത്തിൽ പ്രത്യാശയുടെ ഒരു ചിത്രം നിങ്ങളിൽ ഉണ്ടാകണം. നിലവിലെ സാഹചര്യങ്ങൾ നിമിത്തം പ്രക്ഷുബ്ദമാകുന്നതിന് പകരം, പ്രത്യാശയുടെ ഒരു ചിത്രം ഹൃദയത്തിൽ നിലനിർത്തുക. ഒരു ദിവസം ആ ചിത്രം യാഥാർത്ഥ്യമാകുമെന്ന് നിങ്ങൾ അറിയുമ്പോൾ നിങ്ങൾക്ക്

സന്തോഷവും സമാധാനവും ഉണ്ടാകും.

സങ്കീർത്തനങ്ങൾ 42:5
എന്റെ ആത്മാവേ, നീ വിഷാദിച്ചു ഉള്ളിൽ ഞരങ്ങുന്നതെന്തു? ദൈവത്തിൽ പ്രത്യാശ വെക്കുക; അവൻ എന്റെ മുഖപ്രകാശകരക്ഷയും എന്റെ ദൈവവുമാകുന്നു എന്നിങ്ങനെ ഞാൻ ഇനിയും അവനെ സ്തുതിക്കും.

സങ്കീർത്തനങ്ങൾ 71:14
ഞാനോ എപ്പോഴും പ്രത്യാശിക്കും; ഞാൻ മേല്പുമേൽ നിന്നെ സ്തുതിക്കും.

പ്രത്യാശയുള്ള ഒരു വ്യക്തിക്ക് സന്തോഷിക്കാനും ദൈവത്തെ സ്തുതിക്കാനുമുള്ള കഴിവും ഉണ്ട്. ഒരുപക്ഷേ നിങ്ങൾ ഇത് വായിക്കുമ്പോൾ പോലും നിരാശാജനകമായ ഒരു സാഹചര്യത്തിന്റെ നടുവിലായിരിക്കാം. ഇങ്ങനെ പറഞ്ഞേക്കാം "എനിക്ക് എങ്ങനെ സന്തോഷിക്കാൻ കഴിയും?" ബൈബിൾ പറയുന്നു, "പ്രത്യാശയിൽ സന്തോഷിക്കുക!" നമുക്ക് എങ്ങനെ ദൈവത്തെ സ്തുതിക്കാം? നമുക്കുള്ള പ്രത്യാശ നിമിത്തം ദൈവത്തെ സ്തുതിക്കാൻ നമുക്ക് കഴിയും. ഇന്ന് ര്യങ്ങൾ മോശം എന്ന് തോന്നിയേക്കാം, കഠിനമായിരിക്കാം. എന്നാൽ ഇവ നിലനിൽക്കില്ലെന്ന് നിങ്ങൾ അറിയുന്നതിനാൽ പ്രതിക്കൂലങ്ങളുടെ മദ്ധ്യേയും ദൈവത്തെ സ്തുതിക്കുവാൻ നിങ്ങൾക്ക് കഴിയും. ബൈബിളിലെ ദൈവം ആശയറ്റ അനുഭവങ്ങളെയും ചുറ്റുമുള്ള സാഹചര്യങ്ങളെയും മാറ്റുന്ന ദൈവമാണ്. അവിടുന്ന് നമുക്ക് വേണ്ടി പ്രവർത്തിക്കും. നിങ്ങളുടെ പ്രത്യാശ നിലനിർത്തുക. പ്രത്യാശയിൽ വിശ്വസിക്കുക.

ഞങ്ങൾ പലപ്പോഴും പാടുന്ന ഒരു പാട്ടുണ്ട്. അതിലെ വരികൾ വളരെ ഉത്സാഹജനകമാണ്.

കർത്താവിനെ സ്തുതിക്കുക

എലിയേറ്റ് ബി ബാനിസ്റ്ററും, മൈക്കിൾ വിൻസന്റ് ഹട്ട്സനും
ചേർന്നാണ് ഈ ഗാനം എഴുതിയത്.

ചരണം 1

നിങ്ങൾ ഒരു പ്രതിസന്ധിയിൽ ആയിരിക്കുമ്പോൾ
അത് നിങ്ങളുടെ എല്ലാ സ്വപ്നങ്ങളെയും തകർക്കുന്നു.
സാത്താന്റെ പ്രകടമായ തന്ത്രങ്ങളാൽ
നിങ്ങളുടെ പ്രതീക്ഷകൾ ക്രൂരമായി തകർന്നിരിക്കുന്നു.
ഒപ്പം ഭൗമിക ഭയങ്ങൾക്ക് കീഴടങ്ങാൻ
നിങ്ങളുടെ ഉള്ളിലെ വികാരം നിങ്ങളെ പ്രേരിപ്പിക്കുന്നു.
നിങ്ങളിൽ നിലകൊള്ളുന്ന വിശ്വാസം
ഇല്ലാതെയാകുവാൻ അനുവദിക്കരുത്.

കോറസ്

കർത്താവിനെ സ്തുതിക്കുക.
ദൈവത്തെ സ്തുതിക്കുന്നവരിലൂടെ
ദൈവത്തിനു പ്രവർത്തിക്കാൻ കഴിയും.
കർത്താവിനെ സ്തുതിക്കുക.
നമ്മുടെ ദൈവം സ്തുതികളിൽ വസിക്കുന്നു.
കർത്താവിനെ സ്തുതിക്കുക.
നിങ്ങൾ കർത്താവിനെ സ്തുതിക്കുമ്പോൾ,
നിന്നെ ബന്ധിക്കുവാൻ നോക്കുന്ന ചങ്ങലകൾ,
നിങ്ങളുടെ പിന്നിൽ
ശക്തിയില്ലാത്തവയെന്ന് ഓർമ്മിപ്പിക്കുന്നു.

ചരണം 2

ഇപ്പോൾ സാത്താൻ ഒരു നുണയനാണ്.
നമ്മൾ പാപ്പരാണെന്ന് അവൻ
നമ്മെ ചിന്തിപ്പിക്കുവാൻ ആഗ്രഹിക്കുന്നു.
ഞങ്ങൾ രാജാവിന്റെ മക്കളാണെന്ന്
അവൻ സ്വയം അറിയുമ്പോൾ,
വിശ്വാസം എന്ന ശക്തമായ പരിച ഉയർത്തുക
കാരണം നാം യുദ്ധം ജയിക്കണം.
യേശുക്രിസ്തു ഉയർത്തെഴുന്നേറ്റ്
എന്ന് നമുക്കറിയാം, അതിനാൽ
ജോലി ഇതിനകം പൂർത്തിയായി.

ഒരുപക്ഷേ നിങ്ങൾ ഈ പുസ്തകം വായിക്കുകയും ഇങ്ങനെ പറയുകയും ചെയ്യുന്നുണ്ടാകാം, "ഞാൻ നിരാശാജനകമായ അവസ്ഥയിലാണ്." ഒരുപക്ഷേ അത് നിങ്ങളുടെ വിവാഹം, നിങ്ങളുടെ വീട്, കുട്ടികൾ, സാമ്പത്തിക ബന്ധങ്ങൾ, ജോലി, തൊഴിൽ അല്ലെങ്കിൽ ബിസിനസ്സ്—ഏതുമാകാം, ജീവിതത്തിൽ എന്തും. നമ്മളെല്ലാവരും അത്തരം സാഹചര്യങ്ങളെ അഭിമുഖീകരിക്കുന്നു. ഞാൻ നിങ്ങൾക്ക് പ്രചോദനം നൽകുന്നു—**പ്രത്യാശ നഷ്ടപ്പെടുത്തരുതേ!**—നിങ്ങൾക്ക് പ്രത്യാശ നഷ്ടപ്പെടുമ്പോൾ, നിങ്ങളുടെ അകത്തെ മനുഷ്യൻ ദുർബലപ്പെടുകയാണ് നിങ്ങൾക്ക് പ്രത്യാശ നഷ്ടപ്പെടുമ്പോൾ, നിങ്ങൾ ഒരു നങ്കൂരം ഇല്ലാത്ത കപ്പൽ പോലെയാകും. നിങ്ങൾ മുങ്ങാൻ തുടങ്ങുവാൻ സാധ്യതയുണ്ട്. പ്രത്യാശ നഷ്ടപ്പെടുമ്പോൾ നിങ്ങൾക്ക് വിശ്വാസം പ്രകടിപ്പിക്കാൻ വളരെ ബുദ്ധിമുട്ടാണ്, കാരണം പ്രത്യാശ കൂടാതെ നിങ്ങൾക്ക് വിശ്വസിക്കാൻ കഴിയില്ല.

ദൈവത്തിലും അവിടുത്തെ വചനത്തിലും പ്രത്യാശ പുലർത്തുക. നിങ്ങളുടെ ജീവിതത്തെ സംബന്ധിച്ച് ദൈവം എന്താണ് സംസാരിച്ചതെന്ന് ഓർക്കുക. നിങ്ങളുടെ ഭവനത്തോടും വിവാഹത്തോടുമുള്ള ബന്ധത്തിൽ ദൈവത്തിന്റെ വാഗ്ദാനം എന്താണ്? നിങ്ങൾക്ക് ലഭിച്ചിരിക്കുന്ന ദൈവിക വാഗ്ദാനങ്ങൾ മുറുകെ പിടിക്കുക. അവിടുത്തെ വചനം നിങ്ങളുടെ പ്രത്യാശക്ക് കാരണമാകട്ടെ. ദൈവം പറഞ്ഞതിനാൽ, നിങ്ങൾക്ക് ഇപ്പോഴും പ്രത്യാശക്ക് വകയുണ്ട് നിങ്ങളുടെ സാഹചര്യങ്ങൾ മാറും. ദൈവത്തിന്റെ വാഗ്ദാനങ്ങൾ കടന്ന് വരുമ്പോൾ എങ്ങനെയിരിക്കും എന്നതിനെകുറിച്ചുള്ള ഒരു ചിത്രം നിങ്ങളുടെ മനസ്സിൽ ഉണ്ടായിരിക്കണം. ഇത് നിങ്ങളുടെ പ്രത്യാശ സജീവമാക്കുവാൻ സഹായിക്കും.

"എന്നാൽ നാം ചോദിക്കുന്നതിലും നിനെക്കുന്നതിലും അത്യന്തംപരമായി ചെയ്വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവന്നു" (എഫെസ്യർ 3:20) അത് സാധ്യമാണ്.

നിങ്ങളെ സ്നേഹിക്കുന്ന ദൈവത്തെ നിങ്ങൾക്കറിയാമോ?

ഏകദേശം 2000 വർഷങ്ങൾക്ക് മുമ്പ്, ദൈവം മനുഷ്യനായി ഈ ഭൂമിയിൽ വന്നു. തന്റെ പേര് യേശു എന്നാണ്. അവൻ തികച്ചും പാപരഹിതമായ ഒരു ജീവിതം നയിച്ചു. ദൈവം ജഡത്തിൽ വന്നതാണ് യേശു എന്നതിനാൽ, താൻ പറഞ്ഞതും ചെയ്തതുമായ എല്ലാ കാര്യങ്ങളും ദൈവത്തെ നമുക്ക് വെളിപ്പെടുത്തി. താൻ പറഞ്ഞ വാക്കുകൾ ദൈവത്തിന്റെ വചനങ്ങളായിരുന്നു. താൻ ചെയ്ത കാര്യങ്ങളെല്ലാം ദൈവത്തിന്റെ പ്രവൃത്തികളായിരുന്നു. യേശു ഭൂമിയിൽ അനേകം അത്ഭുതങ്ങൾ ചെയ്തു. അവൻ രോഗികളെയും കഷ്ടമനുഭവിക്കുന്നവരെയും സൗഖ്യമാക്കി. അവൻ കുരുടർക്ക് കാഴ്ച നൽകി, ബധിരരുടെ ചെവികൾ തുറന്നു, മുടന്തരെ നടത്തി, എല്ലാത്തരം രോഗങ്ങളും വ്യാധികളും സുഖപ്പെടുത്തി. അത്ഭുതകരമായി അപ്പം വർദ്ധിപ്പിച്ച് അവൻ വിശന്നവരെ പോഷിപ്പിക്കുകയും, കൊടുങ്കാറ്റിനെ ശാന്തമാക്കുകയും, മറ്റു പല വീര്യപ്രവൃത്തികൾ നടത്തുകയും ചെയ്തു.

ഈ പ്രവൃത്തികളെല്ലാം നമുക്ക് വെളിപ്പെടുത്തുന്നത് മനുഷ്യർ സുഖമായും, ശുഭമായും, ആരോഗ്യത്തോടെയും, സന്തോഷത്തോടെയും ജീവിക്കണമെന്ന് ആഗ്രഹിക്കുന്ന നല്ലവനായ ഒരു ദൈവത്തെയാണ്. ദൈവം ജനത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുവാൻ ആഗ്രഹിക്കുന്നു.

അങ്ങനെയെങ്കിൽ എന്തിനുവേണ്ടിയാണ് ദൈവം ഒരു മനുഷ്യനാകുവാനും, ഈ ലോകത്തിലേക്കു വരുവാനും തീരുമാനിച്ചത്? എന്തിനു വേണ്ടിയാണ് യേശു വന്നത്?

നാമെല്ലാവരും പാപം ചെയ്ത് നമ്മെ സൃഷ്ടിച്ച ദൈവത്തിന്റെ മുൻപാകെ അസ്വീകാര്യമായ കാര്യങ്ങൾ ചെയ്തിരിക്കുന്നു. പാപത്തിനു അതിന്റെ അനന്തരഫലങ്ങളുണ്ട്. പാപം നമുക്കും ദൈവത്തിനുമിടയിൽ മറികടക്കാനാവാത്ത ഒരു വലിയ മതിൽ പോലെയാണ്. പാപം നമ്മെ ദൈവത്തിൽ നിന്നും വേർപ്പെടുത്തുന്നു. നമ്മെ സൃഷ്ടിച്ചവനെ അറിയുന്നതിൽ നിന്നും, അർത്ഥവത്തായ ബന്ധം പുലർത്തുന്നതിൽ നിന്നും അത് നമ്മെ തടയുന്നു. അതിനാൽ, നമ്മളിൽ പലരും ഈ ശൂന്യത മറ്റു പല കാര്യങ്ങൾകൊണ്ട് നികത്താൻ ശ്രമിക്കുന്നു.

പാപത്തിന്റെ മറ്റൊരു പരിണിതഫലം ദൈവത്തിൽ നിന്നുള്ള നിത്യമായ വേർപാടാണ്. ദൈവത്തിന്റെ കോടതിയിൽ പാപത്തിനുള്ള ശിക്ഷ മരണമാണ്. നിത്യമായി ദൈവത്തിൽ നിന്ന് വേർപെട്ട് നരകത്തിൽ കഴിയുന്നതാണ് മരണം.

എന്നാൽ സുവാർത്ത എന്തെന്നാൽ പാപത്തിൽ നിന്ന് മോചിതരാകുവാനും ദൈവത്തിങ്കലേക്ക് യഥാസ്ഥാനപ്പെടുവാനും നമുക്ക് കഴിയും. ബൈബിൾ പറയുന്നു, ***"പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നെ"*** **(റോമർ 6:23).** യേശു ക്രൂശിൽ മരിച്ചപ്പോൾ ലോകത്തിന്റെ മുഴുവൻ പാപത്തിനുമുള്ള മറുവില കൊടുത്തു. മൂന്നു ദിവസത്തിനു ശേഷം താൻ ഉയിർത്തെഴുന്നേറ്റു, തന്നെത്തന്നെ അനേകർക്ക് ജീവനുള്ളവനായി

വെളിപ്പെടുത്തി കൊടുത്തു, എന്നിട്ടവൻ സ്വർഗ്ഗത്തിലേക്ക് മടങ്ങിപോയി.

ദൈവം സ്നേഹത്തിന്റെയും, കാരുണ്യത്തിന്റെയും ദൈവമാണ്. ഒരു വ്യക്തിയും നരകത്തിൽ നഷ്ടമാകുവാൻ താൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ട്, മുഴുവൻ മനുഷ്യവർഗ്ഗത്തിനും പാപത്തിൽ നിന്നും, അതിന്റെ ശാശ്വത അനന്തരഫലങ്ങളിൽ നിന്നും സ്വതന്ത്രരാകുവാനുള്ള ഒരു മാർഗ്ഗം പ്രദാനം ചെയ്യുവാനാണ് അവൻ വന്നത്. അവൻ പാപികളെ രക്ഷിക്കുവാനാണ് വന്നത്—എന്നെയും, നിന്നെയും പോലുള്ള മനുഷ്യരെ പാപത്തിൽനിന്നും, നിത്യമരണത്തിൽ നിന്നും വിടുവിക്കുവാനാണ് വന്നത്.

സൗജന്യമായ ഈ പാപക്ഷമ ലഭ്യമാകുവാൻ, നാം ഒരു കാര്യം മാത്രമേ ചെയ്യേണ്ടതുള്ളൂ എന്ന് ബൈബിൾ നമ്മോടു പറയുന്നു—കർത്താവായ യേശുക്രിസ്തു ക്രൂശിൽ നിവർത്തിച്ചത് അംഗീകരിക്കുകയും അവനിൽ പൂർണ്ണഹൃദയത്തോടെ വിശ്വസിക്കുകയും ചെയ്യുക എന്നതാണത്.

***".... അവനിൽ വിശ്വസിക്കുന്ന ഏവനും അവന്റെ നാമം മൂലം പാപമോചനം ലഭിക്കും"* (അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 10:43).**

***"യേശുവിനെ കർത്താവ് എന്നു വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്നു ഹൃദയംകൊണ്ടു വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും"* (റോമർ 10:9).**

കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നുവെങ്കിൽ നിങ്ങൾക്കും നിങ്ങളുടെ പാപങ്ങൾക്ക് ക്ഷമയും, ശുദ്ധീകരണവും ലഭിക്കും.

കർത്താവായ യേശുക്രിസ്തുവിലും, ക്രൂശിൽ അവൻ നിങ്ങൾക്കായി നിവർത്തിച്ച കാര്യങ്ങളിലും വിശ്വസിക്കുവാൻ നിങ്ങളെ സഹായിക്കുന്നതിനുള്ള ലളിതമായ ഒരു പ്രാർത്ഥനയാണ് ഇനി പറയുന്നത്. യേശു നിങ്ങൾക്കുവേണ്ടി ചെയ്തിരിക്കുന്ന കാര്യങ്ങൾ അംഗീകരിക്കുവാനും, നിങ്ങളുടെ പാപങ്ങൾക്ക് ക്ഷമയും, ശുദ്ധീകരണവും പ്രാപിക്കുവാനും ഈ പ്രാർത്ഥന നിങ്ങളെ സഹായിക്കും. ഈ പ്രാർത്ഥന ഒരു മാർഗ്ഗദർശനം മാത്രമാണ്. നിങ്ങളുടെ സ്വന്തം വാക്കുകളിലും നിങ്ങൾക്കു പ്രാർത്ഥിക്കാം.

പ്രിയ കർത്താവായ യേശുവേ, ക്രൂശിൽ അങ്ങ് എനിക്കായി ചെയ്തതെന്താണെന്നു ഇന്ന് ഞാൻ മനസ്സിലാക്കിയിരിക്കുന്നു. അങ്ങ് എനിക്ക് വേണ്ടി മരിച്ചു, അങ്ങയുടെ വിലയേറിയ രക്തം ചൊരിഞ്ഞു, ഞാൻ ക്ഷമിക്കപ്പെടേണ്ടതിനു വേണ്ടി എന്റെ പാപങ്ങൾക്ക് പിഴ നൽകി. ബൈബിൾ എന്നോട് പറയുന്നത് അങ്ങയിൽ വിശ്വസിക്കുന്ന ഏവരുടെയും പാപങ്ങൾ ക്ഷമിക്കപ്പെടും എന്നാണ്.

ഇന്ന്, അങ്ങയിൽ വിശ്വസിക്കുവാനും, ക്രൂശിൽ എനിക്കു വേണ്ടി മരിക്കുകയും മരിച്ചവരിൽ നിന്നും ഉയർത്തെഴുന്നേൽക്കുകയും ചെയ്തതിലൂടെ എനിക്കു വേണ്ടി ചെയ്തത് സ്വീകരിക്കുവാനും ഞാൻ തീരുമാനിക്കുന്നു. മറ്റൊരു മനുഷ്യനും എന്നെ രക്ഷിക്കുവാൻ കഴിയില്ലെന്നും, എന്റെ സൽപ്രവൃത്തികളാൽ എന്നെ സ്വയം

രക്ഷിക്കുവാൻ കഴിയില്ലെന്നും ഞാൻ അറിയുന്നു. എന്റെ പാപങ്ങൾക്കുള്ള ക്ഷമ എനിക്കു നേടുവാൻ കഴിയുന്ന ഒന്നല്ല.

അങ്ങ് എനിക്ക് വേണ്ടി മരിച്ചു എന്നും, അങ്ങ് എന്റെ പാപങ്ങൾക്കുള്ള പിഴ കൊടുത്തു എന്നും അങ്ങ് മരിച്ചവരിൽനിന്നും ഉയിർത്തെഴുന്നേറ്റു എന്നും ഇന്ന് ഞാൻ എന്റെ ഹൃദയത്തിൽ വിശ്വസിക്കുകയും വായ് കൊണ്ട് ഏറ്റുപറകയും ചെയ്യുന്നു. അങ്ങയിലുള്ള വിശ്വാസത്താൽ ഞാൻ എന്റെ പാപങ്ങൾക്ക് ക്ഷമയും, ശുദ്ധീകരണവും പ്രാപിക്കുന്നു.

നന്ദി യേശുവേ. അങ്ങയെ സ്നേഹിക്കുവാനും, അങ്ങയെ കൂടുതൽ അറിയുവാനും അങ്ങയോട് വിശ്വസ്തനാകുവാനും എന്നെ സഹായിക്കണമേ.

ആമേൻ.

ഓൾ പീഷിൾസ് ചർച്ചിനെ കുറിച്ച്

ഓൾ പീപ്പിൾസ് ചർച്ചിലെ ഞങ്ങളുടെ ദർശനം ബാംഗ്ലൂർ നഗരത്തിൽ ഉപ്പും, വെളിച്ചവും ആയിരിക്കുക എന്നതും, നമ്മുടെ രാജ്യത്തോടും മറ്റു രാജ്യങ്ങളോടുമുള്ള ഒരു ശബ്ദമായിരിക്കുക എന്നതുമാണ്.

ഓൾ പീപ്പിൾസ് ചർച്ച് എന്നത് **യേശുവിനെ സ്നേഹിക്കുന്ന, ദൈവവചന കേന്ദ്രീകൃതമായ, പരിശുദ്ധാത്മനിറവുള്ള, ഒരു കുടുംബ** സഭയാണ്. ഇത് ഒരു സജ്ജീകരണ കേന്ദ്രമായും, സുവിശേഷദൗത്യ താവളമായും ആഗോള സേവനത്തിനായും നിലകൊള്ളുന്നു.

• ഒരു **കുടുംബ സഭ** എന്ന നിലയിൽ, ക്രിസ്തു കേന്ദ്രീകൃത കൂട്ടായ്മയുള്ള ഒരു സമൂഹമായി ഞങ്ങൾ ഒരുമിച്ചു വളരുകയും ദൈവസഭയെന്ന നിലയിൽ സ്നേഹത്തിൽ അന്യോന്യം കരുതുകയും ശുശ്രൂഷിക്കുകയും ചെയ്യുന്നു.

• ഒരു **സജ്ജീകരണ കേന്ദ്രം** എന്ന നിലയിൽ, വിജയകരമായി ജീവിക്കുവാനും ക്രിസ്തു സാദൃശ്യത്തിലേക്ക് വളരുവാനും തങ്ങളുടെ ജീവിതത്തെക്കുറിച്ചുള്ള ദൈവോദ്ദേശങ്ങൾ നിറവേറ്റുവാനും ഓരോ വിശ്വാസിയെയും നാം ശക്തീകരിക്കുകയും, സജ്ജരാക്കുകയും ചെയ്യുന്നു.

• ഒരു **സുവിശേഷദൗത്യ താവളം** എന്ന നിലയിൽ, ദൈവവചനത്തിലൂടെയും, പരിശുദ്ധാത്മശക്തിയുടെ അസാധാരണ പ്രദർശനങ്ങളിലൂടെയും, യേശു ക്രിസ്തുവിന്റെ പൂർണ്ണ സുവിശേഷത്താൽ നമ്മുടെ നഗരത്തെയും രാഷ്ട്രത്തെയും, മറ്റു രാജ്യങ്ങളെയും അനുഗ്രഹിക്കുന്നതിനുള്ള അർത്ഥവത്തായ ശുശ്രൂഷയിൽ ഞങ്ങൾ ഏർപ്പെട്ടിരിക്കുന്നു.

• ആഗോള **സേവനത്തിന്റെ ഭാഗമായി**, ദൈവരാജ്യത്തിനായി തങ്ങളുടെ മേഖലകളെ സ്വാധീനിക്കാൻ കഴിയുന്ന ദൈവഭക്തരായ നേതാക്കന്മാരെയും, പരിശുദ്ധാത്മാവ് നിറഞ്ഞ സഭകളെയും പരിപോഷിപ്പിച്ചുകൊണ്ട് ഞങ്ങൾ പ്രാദേശികമായും ആഗോളതലത്തിലും സേവിക്കുന്നു.

എപിസി (APC) യിൽ, പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിലും പ്രദർശനത്തിലും പൂർണ്ണവും വിട്ടുവീഴ്ചയില്ലാത്തതുമായ ദൈവവചനം അവതരിപ്പിക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. നല്ല സംഗീതം, സർഗ്ഗാത്മക അവതരണങ്ങൾ, ഉജ്ജ്വലമായ വിശ്വാസ സമർത്ഥനം, സമകാലീന ശുശ്രൂഷാരീതികൾ, നൂതന സാങ്കേതികവിദ്യ മുതലായവ, അടയാളങ്ങൾ, അത്ഭുതങ്ങൾ, വീര്യപ്രവർത്തികൾ, പരിശുദ്ധാത്മ വരങ്ങൾ എന്നിവ ഉപയോഗിച്ച് പരിശുദ്ധാത്മാവിന്റെ ശക്തിയിൽ വചനം പ്രസ്താവിക്കുക എന്ന ദൈവനിയമിത സമീപനത്തിന് പകരമാവില്ലെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. (1 കൊരിന്ത്യർ 2:4,5; എബ്രായർ 2:3,4). ഞങ്ങളുടെ പ്രമേയം യേശുവാണ്, ഞങ്ങളുടെ ഉള്ളടക്കം ദൈവവചനമാണ്, ഞങ്ങളുടെ രീതി പരിശുദ്ധാത്മാവിന്റെ ശക്തിയാണ്, ഞങ്ങളുടെ അഭിനിവേശം ജനങ്ങളാണ്, ഞങ്ങളുടെ ലക്ഷ്യം ക്രിസ്തുതുല്യമായ പക്വതയാണ്.

ബാംഗ്ലൂർ ആസ്ഥാനമായ ഓൾ പീപ്പിൾസ് ചർച്ചിന്, ഇന്ത്യയിൽ നിരവധിയിടങ്ങളിൽ സഭകളുണ്ട്. ഓൾ പീപ്പിൾസ് ചർച്ച് ലൊക്കേഷനുകളുടെ നിലവിലെ പട്ടികയും, ബന്ധപ്പെടേണ്ട വിവരങ്ങളും ലഭിക്കുന്നതിന് ദയവായി **apcwo.org/locations** എന്ന ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കുക അല്ലെങ്കിൽ **contact@apcwo.org** ലേക്ക് ഇമെയിൽ അയക്കുക.

സൗജന്യ പ്രസിദ്ധീകരണങ്ങൾ

A Church in Revival
A Real Place Called Heaven
A Time for Every Purpose
Ancient Landmarks
Baptism in the Holy Spirit
Being Spiritually Minded and Earthly Wise
Biblical Attitude Towards Work
Breaking Personal and Generational Bondages
Change
Code of Honor
Divine Favor
Divine Order in the Citywide Church
Don't Compromise Your Calling
Don't Lose Hope
Equipping the Saints
Foundations (Track 1)
Fulfilling God's Purpose for Your Life
Giving Birth to the Purposes of God
Gifts of the Holy Spirit
God Is a Good God
God's Word—The Miracle Seed
How to Help Your Pastor
Integrity
Interpreting Scripture
Kingdom Builders
Laying the Axe to the Root
Living Life Without Strife
Marriage and Family
Ministering Healing and Deliverance
Offenses—Don't Take Them
Open Heavens
Our Redemption
Receiving God's Guidance
Revivals, Visitations and Moves of God
Shhh! No Gossip!
Speak Your Faith
The Conquest of the Mind
The Father's Love
The House of God
The Kingdom of God
The Mighty Name of Jesus
The Night Seasons of Life
The Power of Commitment
The Presence of God
The Redemptive Heart of God
The Refiner's Fire
The Spirit of Wisdom, Revelation and Power
The Wonderful Benefits of Praying in Tongues
Timeless Principles for the Workplace
Understanding the Prophetic
Water Baptism
We Are Different
Who We Are in Christ
Women in the Workplace
Work—Its Original Design

പുതിയ പുസ്തകങ്ങൾ പതിവായി പ്രസിദ്ധീകരിക്കുന്നു. PDF, ഓഡിയോ, മറ്റു ഫോർമാറ്റുകളിൽ സൗജന്യ എപിസി ക്രിസ്തീയ പുസ്തകങ്ങൾ ഡൗൺലോഡ് ചെയ്യുവാൻ **apcwo.org/books** സന്ദർശിക്കുക. ഈ പുസ്തകങ്ങളിൽ പലതും ഇതര ഭാഷകളിൽ ലഭ്യമാണ്. സൗജന്യ ഓഡിയോ, വീഡിയോ പ്രഭാഷണങ്ങൾ, പ്രഭാഷണ കുറിപ്പുകൾ, തുടങ്ങിയവക്കായി **apcwo.org/sermons** സന്ദർശിക്കുക.

ക്രിസലിസ് കൗൺസെലിംഗ്

ജീവിതത്തിലെ വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിനും അതിജീവിക്കുന്നതിനും വ്യക്തികളെ സഹായിക്കുന്നതിനായി ക്രിസലിസ് കൗൺസെലിംഗ് വ്യക്തിഗത കൗൺസെലിംഗ് ലഭ്യമാക്കുന്നു. വിദഗ്ധ പരിശീലനം ലഭിച്ചവരും പരിചയസമ്പന്നരുമായ ക്രിസ്ത്യൻ കൗൺസെലർമാരുടെ ഒരു സംഘമാണ് ക്രിസലിസ് കൗൺസെലിംഗ്

ഞങ്ങളുടെ സേവനങ്ങൾ എല്ലാ പ്രായക്കാർക്കുമുള്ളതാണ്, മാത്രമല്ല ജീവിതത്തിലെ വിവിധങ്ങളായ വെല്ലുവിളികളെ അഭിസംബോധന ചെയ്യുകയും ചെയ്യുന്നു.

- **കൗമാരക്കാർ**
- **വ്യക്തിപരമായ പൊരുത്തപ്പെടലുകൾ**
- **ബന്ധങ്ങളിലെ വെല്ലുവിളികൾ**
- **പഠനസംബന്ധിയായ മോശം പ്രകടനം**
- **ജോലി സംബന്ധമായ പ്രശ്നങ്ങൾ**
- **കുടുംബം / ദമ്പതികൾ: വിവാഹത്തിന് മുൻപുള്ള, വിവാഹപരമായ**
- **മാതാപിതാക്കൾ / കുട്ടികൾ / സഹോദരങ്ങൾ / സഹപ്രവർത്തകർ**
- **പെരുമാറ്റ വൈകല്യങ്ങൾ**
- **വ്യക്തിത്വ വൈകല്യങ്ങൾ**
- **മാനസിക / വൈകാരിക പ്രശ്നങ്ങൾ**
- **സമ്മർദ്ദം / മാനസികാഘാതം**
- **മദ്യം / മയക്കുമരുന്ന് ദുരുപയോഗം**
- **ആത്മീയ പ്രശ്നങ്ങൾ**
- **ജീവിത പരിശീലനം**

കൗൺസെലിംഗ് സേവനങ്ങൾ എളുപ്പത്തിൽ ലഭ്യമാകുന്നതും മിതമായ നിരക്കിലുള്ളതുമാണ്.

ഞങ്ങളുടെ പരിശീലനം ലഭിച്ച കൌൺസെലർമാരിൽ ഒരാളുമായി കൂടിക്കാഴ്ച ഷെഡ്യൂൾ ചെയ്യുവാൻ വേണ്ട വിവരങ്ങൾ:

വെബ്സൈറ്റ്: chrysalislife.org
ഫോൺ: +91-80-25452617 അല്ലെങ്കിൽ ടോൾ ഫ്രീ (ഇന്ത്യയ്ക്ക് അകത്ത്) 1-800-300-00998
ഇമെയിൽ: counselor@chrysalislife.org

ക്രിസലിസ് കൗൺസെലിംഗ് ഓൾ പീപ്പിൾസ് ചർച്ച് & വേൾഡ് ഔട്ട്റീച്ചിന്റെ ഒരു ശുശ്രൂഷയാണ്.

ഓൾ പീഷിൾസ് ചർച്ചിന്റെ പങ്കാളിയാകുക

ഓൾ പീപ്പിൾസ് ചർച്ച് ഒരു പ്രാദേശിക സഭ എന്ന അതിർ വരമ്പുകൾക്ക് അപ്പുറത്ത് ഇന്ത്യയിലുടനീളം, പ്രത്യേകിച്ചു ഉത്തരേന്ത്യയിൽ, (1) നേതാക്കന്മാരെ ബലപ്പെടുത്തുക, (2) യുവാക്കളെ ശുശ്രൂഷയ്ക്ക് സജ്ജരാകുക, (3) ക്രിസ്തുവിന്റെ ശരീരമായ സഭയെ പണിതെടുക്കുക എന്നീ കാര്യങ്ങളിൽ ശ്രദ്ധചെലുത്തി പ്രവർത്തങ്ങൾ നടത്തി വരുന്നു. യുവജനങ്ങൾക്കായി പ്രത്യേക പരിശീലന സെമിനാറുകളും, 'ക്രിസ്തീയ നേതൃത്വ സംഗമങ്ങളും' വർഷത്തിലുടനീളം നടത്തപ്പെടുന്നു. ഇതിനു പുറമെ, ദൈവവചനത്തിലും പരിശുദ്ധാത്മാവിലും വിശ്വാസികളെ സജ്ജരാക്കുക എന്ന ഉദ്ദേശത്തോടെ പ്രസിദ്ധീകരണങ്ങളുടെ ആയിരകണക്കിന് പകർപ്പുകൾ ഇംഗ്ലീഷിലും മറ്റു ഇന്ത്യൻ ഭാഷകളിലും സൗജന്യമായി വിതരണം ചെയ്യുന്നു.

ഒരിക്കലായോ പ്രതിമാസമോ ഒരു സംഭാവന അയച്ചുകൊണ്ട് സാമ്പത്തികമായി ഞങ്ങളുടെ സഹകാരിയാകുവാൻ ഞങ്ങൾ നിങ്ങളെ ക്ഷണിക്കുന്നു. നമ്മുടെ രാജ്യത്തുടനീളമുള്ള ഈ വേലയിൽ ഞങ്ങളെ സഹായിക്കുവാൻ നിങ്ങൾക്കു അയക്കാൻ കഴിയുന്ന ഏതു തുകയും വളരെയധികം വിലപ്പെട്ടതാണ്.

നിങ്ങളുടെ സംഭാവനകൾ "All Peoples Church"—ന്റെ പേരിലുള്ള ചെക്ക്/ ബാങ്ക് ഡ്രാഫ്റ്റ് ആയിട്ട് ഞങ്ങളുടെ ഓഫീസിലെ വിലാസത്തിലേക്ക് അയക്കാം. അല്ലാത്തപക്ഷം, ഞങ്ങളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഉപയോഗിച്ച് ബാങ്ക് ട്രാൻസ്ഫർ വഴി നിങ്ങളുടെ സംഭാവനകൾ നേരിട്ടും അയക്കാം.

അക്കൗണ്ടിന്റെ പേര്: All Peoples Church
അക്കൗണ്ട് നമ്പർ: 50200068829058
IFSC കോഡ്: HDFC0004367
ബാങ്ക്: HDFC Bank, 7M/308 80 Ft Rd, HRBR layout, Kalyan Nagar, Bengaluru, Karnataka 560043.

ദയവായി ശ്രദ്ധിക്കുക: *ഓൾ പീപ്പിൾസ് ചർച്ചിന് ഇന്ത്യ കേന്ദ്രീകൃതമായ ബാങ്ക് അക്കൗണ്ടിൽ നിന്നും മാത്രമേ സംഭാവനകൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. സംഭാവനകൾ നൽകുമ്പോൾ, നിങ്ങളുടെ സംഭാവന ഉപയോഗിക്കപ്പെടേണ്ട പ്രത്യേക എപിസി ശുശ്രൂഷ ഏതെന്നു, ആവശ്യമെങ്കിൽ, നിങ്ങൾക്കു സൂചിപ്പിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക്, ദയവായി* **apcwo.org/give** *സന്ദർശിക്കുക.*

കൂടാതെ, നിങ്ങൾക്കു കഴിയുമ്പോഴെല്ലാം ഞങ്ങൾക്കും ഞങ്ങളുടെ ശുശ്രൂഷക്കും വേണ്ടി പ്രാർത്ഥിക്കുവാൻ ഓർക്കണമേ.


നിങ്ങൾക്ക് നന്ദി, ദൈവം അനുഗ്രഹിക്കട്ടെ!

DOWNLOAD THE FREE APP!

Search for
"All Peoples Church Bangalore"
in the App or Google play stores.

Available on the App Store

ANDROID APP ON Google play





A daily 5-minute video devotional.
A daily Bible reading and prayer guide.
5-minute Sermon summary.
Toolkit with Scriptures on various topics to build faith and information to share the Gospel.
Resources with sermons, sermon notes, TV programs, books, music and more.

IF YOU LOVE IT, TELL OTHERS ABOUT IT!

निःशुल्क ऐप डाउनलोड करें:

ऐप स्टोर या प्ले स्टोर में खोजें
“ऑल पीपुल्स चर्च (APCWO)”/
All Peoples Church Hindi

Available on the App Store

ANDROID APP ON Google Play



विश्वास को मजबूत करने और सुसमाचार साझा करने के लिए विभिन्न विषयों पर आधारित वचनों के टूलकिट।
उपदेशों, टीवी कार्यक्रमों, पुस्तकों, संगीत और बहुत कुछ से भरे संसाधन।
अगर आपको यह पसंद आए, तो
दूसरों को भी इसके बारे में बताएं!

ഓൾ പീപ്പിൾസ് ചർച്ച് ബൈബിൾ കോളേജ്

apcbiblecollege.org

ഇന്ത്യയിൽ, ബാംഗ്ലൂരിലുള്ള ഓൾ പീപ്പിൾസ് ചർച്ച് ബൈബിൾ കോളേജും ശുശ്രൂഷ പരിശീലന കേന്ദ്രവും ഉപദേശ കൃത്യതയുള്ളതും ബൗദ്ധിക ഉത്തേജനം നൽകുന്നതുമായ വേദപഠനത്തിനൊപ്പം പരിശുദ്ധാത്മാവിന്റെ അമാനുഷിക ശക്തിയിൽ ശുശ്രൂഷിക്കുന്നതിനുമായി ആത്മനിറവോടും, അഭിഷേകത്തോടും കൂടെ പ്രായോഗികപരിചയം ഉൾക്കൊള്ളിച്ചുകൊണ്ട് പരിശീലിപ്പിക്കുകയും സജ്ജരാക്കുകയും ചെയ്യുന്നു. കർത്താവുമായുള്ള ഉറ്റ ബന്ധത്തിൽ നിന്നും ഉരുത്തിരിയുന്ന ദൈവീക സ്വഭാവം, ദൈവവചനത്തിൽ ആഴത്തിലുള്ള അടിസ്ഥാനം, അടയാളങ്ങളുടെയും, അത്ഭുതങ്ങളുടെയും, വിടുതലുകളുടെയും ശക്തമായ പ്രകടനങ്ങൾ എന്നിവയ്ക്ക് ഊന്നൽ കൊടുക്കുന്ന ശുശ്രൂഷയ്ക്കായി വ്യക്തികളെ ആകമാനമായി വളർത്തിയെടുക്കുന്നതിൽ ഞങ്ങൾ വിശ്വസിക്കുന്നു.

ഓൾ പീപ്പിൾസ് ചർച്ച് ബൈബിൾ കോളേജിൽ (എ.പി.സി.-ബി.സി), കൃത്യതയുള്ള അദ്ധ്യയനത്തിനൊപ്പം, ദൈവസ്നേഹത്തിന്റെ പ്രദർശനങ്ങൾക്കും, പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിനും, സാന്നിധ്യത്തിനും, ദൈവത്തിന്റെ അമാനുഷിക പ്രവൃത്തികൾക്കും ഊന്നൽ നൽകുന്നു. ദൈവീക വിളി ലഭിച്ച നിരവധി യുവാക്കളെയും, യുവതികളെയും അത് നിറവേറ്റുന്നതിനായി പരിശീലിപ്പിച്ച് അയച്ചുകൊണ്ടിരിക്കുന്നു.

ഞങ്ങൾ മൂന്ന് പ്രോഗ്രാമുകൾ നൽകുന്നു.

- ദൈവശാസ്ത്രത്തിലും ക്രിസ്തീയ ശുശ്രൂഷയിലും ഒരു വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സ് (C.Th.)
- ദൈവശാസ്ത്രത്തിലും ക്രിസ്തീയ ശുശ്രൂഷയിലും രണ്ട് വർഷത്തെ ഡിപ്ലോമ കോഴ്സ് (Dip.Th.)
- ദൈവശാസ്ത്രത്തിലും ക്രിസ്തീയ ശുശ്രൂഷയിലും മൂന്ന് വർഷത്തെ ബാച്ച്ലേർസ് കോഴ്സ് (B.Th.)

ഓരോ പ്രവൃത്തിദിവസവും, **തിങ്കൾ മുതൽ വെള്ളി വരെ, ഇന്ത്യൻ സമയം രാവിലെ 9:00 മുതൽ ഉച്ചയ്ക്ക് 12:00 വരെ (UTC+5:30)** ക്ലാസുകൾ നടക്കുന്നു. ഞങ്ങൾ മൂന്ന് വ്യത്യസ്ത പഠന രീതികൾ നൽകുന്നു.

- **കാമ്പസിൽ:** ക്യാമ്പസിൽ നേരിട്ടുള്ള ക്ലാസുകൾ നടത്തുന്നു.
- **വിദൂര പഠനം:** ഓൺലൈനിൽ തത്സമയം പഠിപ്പിക്കുന്നു.
- **ഇ-ലേണിംഗ്:** ഓൺലൈൻ പോർട്ടലിലൂടെ സ്വയം പഠിക്കുവാനുള്ള അവസരമൊരുക്കുന്നു **apcbiblecollege.org/elearn.**

ഓൺലൈനായി അപേക്ഷിക്കുന്നതിനും, കോളേജിന്റെ പാഠ്യപദ്ധതി, യോഗ്യതാ മാനദണ്ഡങ്ങൾ, ട്യൂഷൻ ചെലവുകൾ എന്നിവയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും, അപേക്ഷാ ഫോം ഡൗൺലോഡ് ചെയ്യുന്നതിനും ദയവായി **apcbiblecollege.org** സന്ദർശിക്കുക.

നാം പ്രതീക്ഷിക്കാത്ത വഴിത്തിരിവുകൾ ജീവിതത്തിൽ ചിലപ്പോൾ സംഭവിക്കും. പെട്ടെന്ന് ചിലപ്പോൾ ചില കൊടുങ്കാറ്റിൽ നാം അകപ്പെട്ടേക്കാം. എപ്പോഴും ചില പ്രതിസന്ധികളെയും ബുദ്ധിമുട്ടുകളെയും നാം ജീവിതത്തിൽ തരണം ചെയ്യേണ്ടതായി വരും. എങ്ങോട്ടാണ് പോകേണ്ടത് എന്നറിയാതെ വഴിമുട്ടി പോകുന്ന സന്ദർഭങ്ങൾ കടന്ന് വരാം.

നിങ്ങളിൽ ചിലർ നിരാശാജനകമായ ഒരു സാഹചര്യത്തിന്റെ മധ്യത്തിലായിരിക്കാം. ചിലപ്പോൾ ഇത് നിങ്ങളുടെ ജോലി, തൊഴിൽ, വിദ്യാഭ്യാസം, വീട്, വിവാഹം അല്ലെങ്കിൽ കുടുംബം എന്നിവയുമായി ബന്ധപ്പെട്ട ഒന്നായിരിക്കാം. ജീവിതത്തിൽ പലതും തെറ്റിയേക്കാം. എന്നാൽ മരണകരവും നിരാശാജനകവുമാണെന്ന് തോന്നുന്ന സാഹചര്യങ്ങളിൽ മരിച്ചവർക്ക് ജീവൻ നൽകുന്നതിൽ വൈദഗ്ധ്യംകാണിച്ച ദൈവമാണ് ബൈബിളിലെ ദൈവമെന്ന് ഞാൻ നിങ്ങളോട് പറയട്ടെ. പ്രതീക്ഷകൾ നശിച്ച സാഹചര്യങ്ങൾ മാറ്റുന്നതിൽ അവിടുന്ന് വിദഗ്ധനാണ്. അവിടുന്ന് നിങ്ങളുടെ പക്ഷത്തുണ്ടെങ്കിൽ, ആശിക്കാൻ സാഹചര്യം ഇല്ലാത്ത സമയങ്ങളിൽ പോലും പ്രത്യാശിക്കാം.

എല്ലാം നിരാശാജനകമാണെന്ന് തോന്നുമ്പോഴും,പ്രതിക്കൂലങ്ങൾക്കിട യിലും നിങ്ങൾക്ക് വിജയിയായി പുറത്തുവരാം. ഈ പുസ്തകം ലളിതമായ വാക്കുകൾ കൊണ്ട് പ്രത്യാശ നഷ്ടപ്പെടാതിരിക്കാൻ നമ്മെ പ്രോത്സാഹിപ്പിക്കുകയും ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നു. ദൈവത്തിലും തൻറെ വചനത്തിലും പ്രത്യാശ ഉള്ളവരാകാം. ദൈവം നിങ്ങളുടെ ജീവിതത്തെ കുറിച്ച് എന്താണ് പറഞ്ഞത് എന്ന് മനസിലാക്കുക. **പ്രത്യാശ കൈവിടരുത്!**

All Peoples Church & World Outreach
319, 2nd Floor, 7th Main, HRBR Layout,
2nd Block, Kalyan Nagar, Bangalore 560 043
Karnataka, INDIA

Phone: +91-80-25452617
Email: contact@apcwo.org
Website: apcwo.org